പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: റ്റി.331

8.07.2009 ൽ മറുപടിയ്ക്ക്

ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി

ചോദ്യം

ശ്രീ.വർക്കല കഹാർ
ശ്രീ.എ.പി.അനിൽകുമാർ
ശ്രീ.അടൂർ പ്രകാശ്

ഉത്തരം

ശ്രീ.പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി)

(എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രഖ്യാപിച്ചതെന്നാണ്;

(എ) 2008-09 വാർഷിക പദ്ധതി മുതൽ

(ബി) ഈ പദ്ധതി പ്രകാരം എത്ര ഭവനങ്ങൾ നിർമ്മിക്കാനാണ് ഉദ്ദേശിച്ചിരുന്നത്; ഇവയുടെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്;

(ബി) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവന രഹിതരായ കുടുംബങ്ങൾക്ക് ഭവനവും ഭൂരഹിതർക്ക് ഭൂമിയും ഭവനവും നിർമ്മിച്ചു നൽകുവാനാണ് ഉദ്ദേശിക്കുന്നത്. മൂന്നു വർഷം കൊണ്ട് അടച്ചു തീർക്കാവുന്ന തരത്തിൽ കടമെടുത്ത് ഭവന നിർമ്മാണം നടത്താനാണ് തീരുമാനിച്ചിരുന്നത്. അതനുസരിച്ച് പ്രവർത്തനം തുടങ്ങി. ലക്ഷ്യം വലുതായതിനാൽ 10 വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന തരത്തിൽ കടമെടുത്ത് പദ്ധതി പൂർത്തിയാക്കുന്ന തരത്തിൽ ഭേദഗതി ചെയ്തു. നാലു ലക്ഷത്തോളം വീടുകൾ നിർമ്മിക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതിൽ രണ്ടു ലക്ഷത്തോളം പേർക്ക് ഭൂമിയും നൽകേണ്ടതായി വരും. ഇതനുസരിച്ചുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികൾ നട

ന്നുവരുന്നു. ആയത് പൂർത്തിയായതിനു ശേഷമേ ഗുണഭോക്താക്കളെ സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. പദ്ധതി 2010–11 ഓടെ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| (സി) | ഇതിനുള്ള തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിച്ചത്; | (സി) | ഇ.എം.എസ്. ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2009–10 മുതൽ 10 വർഷത്തേയ്ക്ക് ലഭിക്കുന്ന വികസന ഫണ്ടിന്റെ 15%ത്തിന് തുല്യമായ തുക സഹകരണ ബാങ്കുകളിൽ നിന്നോ ദേശസാൽകൃത ബാങ്കുകളിൽ നിന്നോ വായ്പയായി കണ്ടെത്താവുന്നതാണ്. വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്. വായ്പയുടെ തിരിച്ചടവ് കാലാവധി 10 വർഷമാണ്. തികയാതെ വരുന്ന തുക കണ്ടെത്തുന്നതിനായി വിദേശ മലയാളികൾ, വിദേശ മലയാളി സംഘടനകൾ, സ്ഥാപനങ്ങൾ, ഗവൺമെൻറ് ഇതര സംഘടനകൾ, മനുഷ്യ സ്നേഹികൾ എന്നിവരുടെ സംഭാവനകൾ മുഖേന സംസ്ഥാന തലത്തിൽ ഇ.എം.എസ്. ഭവന പരിപാടിക്ക് ഫണ്ട് സ്വരൂപിക്കുന്നതാണ്. ഇതിനാവശ്യമായ ചട്ടങ്ങളും പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. |
| (ഡി) | ഇതു വരെ എത്ര ഭവനങ്ങൾ ഈ പദ്ധതി പ്രകാരം നിർമ്മിച്ചു; | (ഡി) | 32436 |
| (ഇ) | ഈ പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം ആരംഭിക്കാത്ത പക്ഷം അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 332

8.7.2009-ൽ മറുപടിയ്ക്ക്

## കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ഗ്രാമവികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ:<br>ശ്രീ.പി. ജയരാജൻ:<br>ശ്രീ.സി.കെ.പി. പത്മനാഭൻ:<br>ശ്രീ.വി.ജെ. തങ്കപ്പൻ:<br>ശ്രീ.വി. **ചെന്താമരാക്ഷൻ**: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി) |
| എ. കേന്ദ്ര സഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പാക്കുന്ന ഗ്രാമവികസന പദ്ധതികൾ **എന്തെല്ലാമാണ്**; | എ. കേന്ദ്രസഹായത്തോടെ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കുന്ന ഗ്രാമവികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. സ്വർണ്ണജയന്തി **ഗ്രാമ**സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.)<br>2. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് **പദ്ധതി** (എൻ.ആർ.ഇ.ജി.എസ്.)<br>3. പ്രധാനമന്ത്രി ഗ്രാമീൺ **സഡക് യോജന** (പി.എം.ജി.എസ്.വൈ.)<br>4. ഇന്ദിരാ ആവാസ് യോജന(ഐ.എ.വൈ.)<br>5. സമ്പൂർണ്ണ ശുചിത്വ യജ്ഞം.<br>6. ഹരിയാലി.<br>7. ബാക്ക്‌വേർഡ് റീജ്യൺസ് **ഗ്രാന്റ്** ഫണ്ട് (ബി.ആർ.ജി.എഫ്.) . |
| ബി. **ഈ പദ്ധതികൾ നടപ്പാക്കാൻ കേന്ദ്രം** നിഷ്കർഷിക്കുന്ന **വ്യവസ്ഥകൾ** പാലിക്കു**ന്നതിന് സംസ്ഥാനത്തിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;** | ബി. ഉണ്ട്. ചില പദ്ധതികൾക്ക് അനുവദനീയമായ യൂണിറ്റ് കോസ്റ്റ്/പരമാവധി തുക സംബന്ധിച്ച വ്യവസ്ഥകളും, മറ്റ് ചില പദ്ധതികൾ നടപ്പിലാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള സാങ്കേതിക നിബന്ധനകളും ബുദ്ധിമുട്ട് **ഉണ്ടാക്കുന്നുണ്ട്**.<br><br>1. ഇന്ദിരാ ആവാസ് യോജന പ്രകാരം വീട് നിർമ്മിയ്ക്കുന്നതിന് അനുവദനീയമായ പരമാവധി തുക 38,500/- രൂപയാണ്. ഒരു വീട് നിർമ്മിയ്ക്കുന്നതിന് ഈ തുക തീർത്തും അപര്യാപ്തമാണ്.<br>2. സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയിലെ വിവിധ ഘടകങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് യഥാർത്ഥ നിർമ്മാണചെലവുമായി പൊരുത്തപ്പെടുന്നതല്ല. രണ്ട് ടോയ്‌ലറ്റും മൂന്ന് യൂറിനലും ഉൾപ്പെടുന്ന ഒരു യൂണിറ്റ് സ്കൂൾ ടോയ്‌ലറ്റ് നിർമ്മിയ്ക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളത് 20,000 രൂപയാണ്. കേരളത്തിലെ പൊതുമരാമത്ത് നിരക്ക് പ്രകാരം ഇതിന് കുറഞ്ഞത് 55,000 രൂപയെങ്കിലും വേണ്ടി വരും. |

3. എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം പൊതുവിഭാഗത്തിൽപ്പെട്ട ഒരു കുടുംബത്തിന് അനുവദനീയമായ പരമാവധി സബ്സിഡി, പദ്ധതി ചെലവിന്റെ 30 ശതമാനമോ, 7,500/- രൂപയോ ആണ്. പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ കാര്യത്തിൽ ഇത് യഥാക്രമം 50 ശതമാനമോ, 10,000/- രൂപയോ ആണ്. സ്വയംസഹായസംഘങ്ങളുടെ കാര്യത്തിൽ ആളോഹരി 10,000 രൂപയോ പരമാവധി 1.25 ലക്ഷം രൂപയോ ഏതാണ് കുറവ് എന്ന പരിധിയ്ക്ക് വിധേയമായി 50 ശതമാനമാണ്. ഈ സബ്സിഡി നിരക്കുകൾ വരുമാനദായകമായ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായകരമല്ല.

**പദ്ധതി നടപ്പാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള സാങ്കേതിക നിബന്ധനകൾ ബുദ്ധിമുട്ട് ഉണ്ടാക്കുന്നവ**

തൊഴിലുറപ്പ് പദ്ധതി പ്രകാരം ഭൂവികസന പ്രവർത്തികൾ പൊതുഭൂമിയിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമിയിലും മാത്രമേ നടത്തുവാൻ കഴിയുകയുള്ളൂ. കേരളത്തിൽ ഈ രണ്ട് വിഭാഗത്തിലുംപെട്ട ഭൂമിയുടെ അളവ് വളരെ കുറവാണ്. ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലും നെൽകൃഷിയിലും ദരിദ്ര കുടുംബങ്ങളുടെ ഭവനനിർമ്മാണം, ശുചിത്വ സൗകര്യങ്ങൾ എന്നിവയെക്കൂടി തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി ചെയ്യാൻ അനുവദിക്കണമെന്ന ആവശ്യം ഇനിയും അംഗീകരിക്കപ്പെട്ടിട്ടില്ല.

പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പ്രകാരം നിർമ്മിയ്ക്കുന്നതിനായി ഏറ്റെടുക്കേണ്ട റോഡുകളിലെ ടെലഫോൺ, വൈദ്യുതി പോസ്റ്റുകൾ, ടെലിഫോൺ കേബിളുകൾ, ജലവിതരണ പൈപ്പുകൾ മുതലായവ മാറ്റുന്നതിനുള്ള ചെലവുകൾ പദ്ധതി ചെലവിൽ ഉൾപ്പെടുത്താൻ അനുവദിക്കുന്നില്ല.
റോഡുകൾക്ക് അനുവദനീയമായ ചെരിവ് 1:10 ആയതിനാൽ മലയോര പ്രദേശങ്ങളിൽ ഈ പദ്ധതി പ്രായോഗികമല്ല.

ടെണ്ടർ എക്സസ് അനുവദനീയമല്ല.

പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് 8 മീറ്റർ വേണമെന്ന നിബന്ധന സംസ്ഥാനത്തിൽ പ്രായോഗികമല്ല. 6 മീറ്ററായി വീതി കുറയ്ക്കാൻ അനുവാദം തന്ന റോഡുകളിൽ 100 വാഹനങ്ങളിൽ കൂടുതൽ പ്രതിദിനം ഓടാൻ പാടില്ല എന്ന വ്യവസ്ഥ ഇളവിനെ നിഷ്ഫലമാക്കി.

| | | | |
|---|---|---|---|
| സി. | കേന്ദ്രസഹായ പദ്ധതികൾ നടപ്പാക്കുന്നതിൽ മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും എന്തു തുക ചെലവാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | സി. | മുൻ സർക്കാരിന്റെ 5 വർഷക്കാലയളവിൽ 1,116 കോടി രൂപയും ഈ സർക്കാരിന്റെ 3 വർഷക്കാലയളവിൽ 1,282 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| ഡി. പദ്ധതി നടത്തിപ്പിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | ഡി. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലെ തടസ്സങ്ങൾ പരിഹരിയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, എസ്.സി./എസ്.റ്റി. പ്രൊമോട്ടർമാർ, തുടങ്ങിയവർക്ക് സമഗ്രമായ പരിശീലന പരിപാടി സംഘടിപ്പിക്കുന്നുണ്ട്.<br>2. പി.എം.ജി.എസ്.വൈ. പദ്ധതിക്ക് 10 ശതമാനം വരെ ടെണ്ടർ എക്സസ് വഹിക്കാമെന്ന് കേരളസർക്കാർ തീരുമാനിച്ചിട്ടുണ്ട്. ടെലഫോൺ, വൈദ്യുതി പോസ്റ്റുകൾ, ടെലിഫോൺ കേബിളുകൾ, ജലവിതരണ പൈപ്പുകൾ മുതലായവ മാറ്റുന്നതിനുള്ള ചെലവുകൾ തദ്ദേശസ്ഥാപനങ്ങൾ വഹിക്കുന്നതാണ്.<br>3. തൊഴിലുറപ്പ് പദ്ധതിയ്ക്കും പി.എം.ജി.എസ്.വൈ.-യ്ക്കും സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ.-യ്ക്ക് 1-6-2009 മുതൽ ഇ. ടെണ്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്<br>4. വിവിധ പദ്ധതികളുടെ നടത്തിപ്പ് പുരോഗതി വിവിധ തലങ്ങളിൽ അവലോകനം ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 333 — 08.07.2009 ലെ മറുപടിക്ക്

# മാസ്റ്റർ പ്ലാൻ പരിഷ്ക്കരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. യു.സി രാമൻ<br>ശ്രീ. പി.കെ അബ്ദുറബ്ബ് | | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | വളരെ പഴക്കം ചെന്ന മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ ശ്രമിക്കുന്നത് സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ വികസന സാധ്യതയേയും നിർമ്മാണ പ്രവൃത്തികളേയും പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | (എ) | ഉണ്ട് |
| (ബി) | മാസ്റ്റർ പ്ലാൻ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സ്വീകരിച്ചിട്ടുണ്ട്. അംഗീകൃത നഗരാസൂത്രണ പദ്ധതികൾ പരിഷ്ക്കരിക്കാത്തതു മൂലം പൊതുജനങ്ങൾക്ക് ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഇതു പരിഹരിക്കുന്നതിന്റെ ഭാഗമായി നഗരാസൂത്രണ പദ്ധതികൾ പരിഷ്ക്കരിക്കുന്നതിന് ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനകം 16 മാസ്റ്റർ/ഡവലപ്മെന്റ് പ്ലാനുകളും 113 ഡി.ടി.പി. സ്കീമുകളും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനായി 2008-09 സാമ്പത്തിക വർഷം ഒരു പുതിയ സ്കീം അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 250 ലക്ഷം രൂപയാണ്. കൂടാതെ നഗരാസൂത്രണ പദ്ധതികളിലെ ഭൂവിനിയോഗം ഉൾപ്പെടെയുള്ള നിയന്ത്രണ നിർദേശങ്ങൾ പുതുക്കുന്നതിന് ഉള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br>**<u>മേഖലാ നിയന്ത്രണ ചട്ടങ്ങൾ പുതുക്കി സർക്കാർ അംഗീകരിച്ചവ</u>**<br>തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, കോട്ടയം ഡെവലപ്മെന്റ് പ്ലാനുകൾ<br>കൊച്ചി സ്ട്രക്ചർ പ്ലാൻ<br>**<u>ടൗൺ പ്ലാനിംഗ് സ്കീം</u>**<br>പുനലൂർ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് ഏരിയ<br>**<u>മേഖലാ നിയന്ത്രണ ചട്ടങ്ങൾ പുതുക്കുന്നതിനുള്ള കരട് പ്രസിദ്ധീകരിച്ചവ</u>**<br>പാലക്കാട്, മലപ്പുറം, ഗുരുവായൂർ വടകര ഡവലപ്മെന്റ് പ്ലാനുകൾ<br>തിരുവല്ല സെൻട്രൽ ഏരിയ ടൗൺ പ്ലാനിംഗ് സ്കീം |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | | | **<u>മേഖലാ നിയന്ത്രണ ചട്ടങ്ങൾ പുതുക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നവ</u>**<br>നെയ്യാറ്റിൻകര,<br>കോവളം-വിഴിഞ്ഞം ഏരിയ<br>ഡെവലപ്മെന്റ് പ്ലാനുകൾ<br>**<u>ടൗൺ പ്ലാനിംഗ് സ്കീം</u>**<br>കടപ്പാക്കട (കൊല്ലം),<br>പൊന്നാനി സെൻട്രൽ ഏരിയ<br>ഇരട്ടിച്ചിറ-ചെട്ടിയങ്ങാടി (തൃശ്ശൂർ)<br>**<u>ഭൂവിനിയോഗ നിയന്ത്രണ ചട്ടങ്ങൾ പുതുക്കി അംഗീകരിച്ചവ</u>**<br>ചങ്ങനാശ്ശേരി, കോട്ടയം മെഡിക്കൽ കോളേജ് ഏരിയ ഡെവലപ്മെന്റ് പ്ലാനുകൾ<br><br>മറ്റ് അംഗീകൃത നഗരാസൂത്രണ പദ്ധതികൾ പരിഷ്ക്കരി-ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 334

8.7.2009-ൽ മറുപടിയ്ക്ക്

## മറൈൻ ഫിഷറീസ് റഗുലേഷൻ നിയമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി.ജോർജ് | ശ്രീ. എസ്. ശർമ്മ (മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കേരളത്തിൽ എന്നുമുതലാണ് മറൈൻ ഫിഷറീസ് റഗുലേഷൻ നിയമം നിലവിൽ വന്നത്; | എ) കേരള മറൈൻ ഫിഷറീസ് റഗുലേഷൻ നിയമം (KMFR ആക്ട്) 1980 നവംബർ 24 ന് നിലവിൽ വരികയും ഇതിന്റെ അടിസ്ഥാനത്തിൽ KMFR റൂൾസ് 1980 നവംബർ 29 ന് പ്രാബല്യത്തിൽ വരികയും ചെയ്തു. |
| ബി) ഈ നിയമത്തിലെ എല്ലാ വ്യവസ്ഥകളും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | ബി) നിയമത്തിലെ വ്യവസ്ഥകളെല്ലാം നടപ്പിലാക്കിയിട്ടുണ്ട്. |
| സി) ഈ നിയമം ഫലപ്രദമായി നടപ്പിലാക്കി കേരളത്തിലെ മത്സ്യബന്ധന മേഖലയിൽ നിന്നും കൂടുതൽ വരുമാനം ഉണ്ടാക്കുവാൻ ശ്രമിക്കുമോ; | സി) അനധികൃതവും വിനാശകാരികളുമായ വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയുക വഴി മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഒരു പരിധിവരെ ഉറപ്പുവരുത്താൻ കഴിയുന്നു. വർഷകാല ട്രോളിംഗ് നിരോധനം മൂലം മത്സ്യസമ്പത്തിൽ വർദ്ധനവുണ്ടെന്ന് ഇതു സംബന്ധിച്ച് പഠനം നടത്തിയ വിദഗ്ദ്ധ സമിതി കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി വാർഷിക വിറ്റുവരവ് 446 കോടി രൂപയിൽ നിന്നും 2198 കോടി രൂപയായും മത്സ്യകയറ്റുമതി വരുമാനം 123 കോടി രൂപയിൽ നിന്നും 1040 കോടി രൂപയായും വർദ്ധിച്ചതായി വിദഗ്ദ്ധ കമ്മിറ്റി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 1569 കോടി രൂപയാണ് 2008-09 ലെ കയറ്റുമതി വരുമാനം. കടൽ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും കഴിയുന്നതിലൂടെ മത്സ്യബന്ധന മേഖലയിൽ കൂടുതൽ ഉല്പാദനവും അതുവഴി കൂടുതൽ വരുമാനവും ഉണ്ടാക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. |
| ഡി) മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വള്ളങ്ങളുടെയും ബോട്ടുകളുടെയും എണ്ണം 2005-ലെ സെൻസസ് പ്രകാരം എത്രയാണ്; | ഡി) CMFRI 2005-ൽ നടത്തിയ മറൈൻ സെൻസസ്സിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന യാനങ്ങളുടെ എണ്ണം 29177 ആണ്. |
| ഇ) നിയമത്തിൽ യന്ത്രവൽകൃത ബോട്ടുകളെയും വള്ളങ്ങളെയും നിയന്ത്രിക്കാൻ വ്യവസ്ഥകൾ ഉള്ളപ്പോൾ അത് ഫലപ്രദമായി നടപ്പിലാക്കാത്തതിന്റെ കാരണം എന്താണ്? | ഇ) നിയമം ഫലപ്രദമായി നടപ്പിലാക്കി വരുന്നു. KMFR ആക്ട് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള കടൽ മേഖലകളിൽ തന്നെയാണ് യന്ത്രവൽകൃത ബോട്ടുകളും പരമ്പരാഗത വള്ളങ്ങളും മത്സ്യബന്ധനം നടത്തിവരുന്നത്. ഇത് മോണിറ്റർ ചെയ്യുന്നതിന് ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സംസ്ഥാന മത്സ്യവകുപ്പിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നു. |

Rimya Kumari (signature)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.335 8-7-2009-ന് മറുപടിക്ക്

**ശുചിത്വ കോംപ്ലക്സുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.യൂസഫ്<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.വി.ശിവൻകുട്ടി | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) എല്ലാ നഗരങ്ങളിലും നഗരവൽക്യതമായ പഞ്ചായത്തുകളിലും പൊതു സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും ജനങ്ങൾക്ക് പ്രാഥമികാവശ്യങ്ങൾക്കായി ശുചിത്വ കോംപ്ലക്സുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) പ്രധാനപ്പെട്ട നഗരസഭകളിലെ ബസ് സ്റ്റേഷനുകൾ, പ്രധാനപ്പെട്ട സർക്കാർ ആശുപത്രികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്രാഥമിക ശുചിത്വ സൗകര്യങ്ങൾക്കും അത്യാവശ്യ വിശ്രമത്തിനും സംവിധാനങ്ങളില്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭകളിൽ മേൽപ്പറഞ്ഞ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പൊതുശുചിത്വ സമുച്ചയ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ പദ്ധതിയിട്ടിട്ടുണ്ട്. നിലവിൽ സ്ത്രീകൾക്കുള്ള ശുചിത്വ വിശ്രമ കേന്ദ്രങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇത്തരത്തിൽ നിർമ്മിക്കുന്ന ഓരോ ശുചിത്വ കോംപ്ലക്സിനും 12.5 ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുള്ളതും അതിന്റെ 50% തുക സംസ്ഥാന സർക്കാർ |

.........2/-

മുനിസിപ്പാലിറ്റികൾക്ക് നൽകുന്നതിനു മാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2008-09-ൽ ഇത്തരത്തിലുള്ള 4 ശുചിത്വ കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനായി ചെങ്ങന്നൂർ, കോട്ടയം, പൊന്നാനി, ആല പ്പുഴ മുനിസിപ്പാലിറ്റികൾക്ക് സംസ്ഥാന സർക്കാർ ആകെ 25 ലക്ഷം രൂപ അനുവ ദിച്ചുനൽകിയിട്ടുണ്ട്. പേ ആന്റ് യൂസ് വ്യവ സ്ഥയിൽ പ്രവർത്തനപരിപാലനം നടത്തു വാനുദ്ദേശിക്കുന്ന ഈ ശുചിത്വ കേന്ദ്ര ങ്ങൾ കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പി ച്ചുകൊണ്ട് നടത്തിപ്പുനിർവ്വഹിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഓരോ വിശ്രമ കേന്ദ്രങ്ങ ളിലും ഒരു രാത്രിയിലേയ്ക്ക് വിശ്രമത്തിന് 10 രൂപയും 2 മണിക്കൂറിന് 5 രൂപയും എന്ന നിരക്കിൽ ഫീസ് ഈടാക്കുന്നതിനാണ് ഉദ്ദേ ശിക്കുന്നത്. ഇവയുടെ പ്രവർത്തന നിരീ ക്ഷണത്തിന് അതാത് നഗരസഭകളിലെ വനിതാ കൗൺസിലർമാരുടെ നേതൃത്വ ത്തിൽ ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരി ക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. 2009-10-ൽ 8 ശുചിത്വ വിശ്രമ കേന്ദ്ര ങ്ങൾ കൂടി നഗരപ്രദേശങ്ങളിൽ നിർമ്മി

.............3/-

ക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്.

നഗരവൽകൃത പഞ്ചായത്തുകളിൽ സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയുടെ ഭാഗമായി പൊതുസ്ഥലങ്ങളിൽ ശുചിത്വ കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരികയാണ്. കേരളത്തിൽ നാളിതുവരെ 761 ശുചിത്വ കോംപ്ലക്സുകൾ 14 ജില്ലകളിലായി പൂർത്തീകരിച്ചിട്ടുണ്ട്. എൻ.എച്ച്.47, എൻ.എച്ച്.17 എന്നീ ദേശീയപാതകളും എം.സി.റോഡ്, ശബരിമല റോഡ് എന്നീ സംസ്ഥാനപാതകളും കടന്നുപോകുന്ന പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രധാന കവലകളിൽ സ്ഥല ലഭ്യതയ്ക്കനുസൃതമായി ശുചിത്വ കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) പദ്ധതി നടപ്പാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) 2008-09-ൽ വിഭാവനം ചെയ്തിട്ടുള്ള 4 ശുചിത്വ കോംപ്ലക്സുകളുടെ നിർമ്മാണ പ്രവർത്തനം ചെങ്ങന്നൂർ, കോട്ടയം, ആലപ്പുഴ, പൊന്നാനി നഗരസഭകളിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ, സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയുടെ ഭാഗ |

..................4/-

| | |
|---|---|
| | മായി 329 ശുചിത്വ കോംപ്ലക്സുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| സി) പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിന് കാലപരിധി നിശ്ചയിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുമോ? | സി) 2008-09-ൽ അനുമതി നൽകിയ 4 ശുചിത്വ കോംപ്ലക്സുകളുടെ നിർമ്മാണം ഈ വർഷം നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നു. എട്ട് ശുചിത്വ കോംപ്ലക്സുകളുടെ നിർമ്മാണം 2009-10-ൽ തന്നെ പൂർത്തീകരിക്കണമെന്നുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. പ്രധാന പാതകളുടെ ഓരങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സാനിട്ടറി കോംപ്ലക്സുകളുടെ നിർവ്വഹണം 2009-10-ഓടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.336 — 8-7-2009-ന് മറുപടിക്ക്

**മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ടി.ജലീൽ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.ജോർജ് എം. തോമസ് | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

എ) മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും പരിസര ശുചിത്വം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

എ) മാലിന്യ നിർമ്മാർജ്ജനവും പരിസ്ഥിതി ശുചിത്വവും ഉറപ്പുവരുത്തുന്നതിന് മാലിന്യമുക്ത കേരളം കർമ്മ പരിപാടി എന്ന വിപുലമായ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മനുഷ്യ വിസർജ്ജ്യ നിർമ്മാർജ്ജനത്തിനും ഖര-ദ്രവമാലിന്യ പരിപാലനത്തിനും കുടിവെള്ള സുരക്ഷ ഉറപ്പാക്കുന്നതിനും വ്യക്തി ശുചിത്വം പരിസര ശുചിത്വം ഇവ ഉറപ്പാക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിയുടെ ഭാഗമായി വ്യക്തിഗത ടോയ്‌ലറ്റുകളുടെ വ്യാപനം, സ്കൂൾ അംഗനവാടി ടോയ്‌ലറ്റുകളുടെ വ്യാപനം, പൊതു ശുചിത്വ സമുച്ചയങ്ങളുടെ നിർമ്മാണം, ഖര-ദ്രവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ, വിവരവിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

2. ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി വരുന്നു.

- ഖരമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ
- ഖരമാലിന്യ സംസ്കരണശാലകളിലെ പ്രശ്നങ്ങൾ പരിഹരിക്കൽ
- അറവുശാലകളിലെയും പ്രത്യേക മാലിന്യ പ്രശ്നങ്ങളുള്ള പ്രദേശങ്ങളിലും മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ
- സ്ത്രീകൾക്കായുള്ള ശുചിത്വ വിശ്രമ സമുച്ചയം നിർമ്മിക്കൽ
- മെച്ചപ്പെട്ട ശുചിത്വ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം നൽകൽ
- നഗരപ്രദേശത്തെ സർക്കാർ സ്കൂളുകളിൽ ഗേൾഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം
- ബി.പി.എൽ.കുടുംബങ്ങളിൽ അധിവസിക്കുന്ന കോളനികളിൽ സമഗ്രശുചിത്വ പ്ലാൻ തയ്യാറാക്കൽ

- കോളനികളിലെ മാതൃകാ ദ്രവ മാലിന്യ പരിപാലന പദ്ധതി
- എഞ്ചിനിയറിംഗ് ലാന്റ്ഫില്ലുകളുടെ സാധ്യതാ പഠനം
- എഞ്ചിനീയറിംഗ് ലാന്റ്ഫിൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ

.............3/-

- ശുചിത്വ ഘടകങ്ങളുടെ പഠനവും വിവരശേഖരണവും
- ദ്രവമാലിന്യ അവസ്ഥാപഠനം
- പൊതുസ്ഥാപനങ്ങളിൽ മാതൃകാ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ
- മീഡിയാ കാമ്പയിൻ
- പരിസ്ഥിതിബന്ധിത വികസനവുമായി ബന്ധപ്പെട്ട റിയാലിറ്റിഷോ

തുടങ്ങിയ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനം ഗാന്ധിജയന്തിയോടനുബന്ധിച്ചുള്ള ശുചീകരണ വാരാചരണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നു.

| | |
|---|---|
| ബി) രാജ്യത്തെ ആദ്യ നിർമ്മൽ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | ബി) രാജ്യത്തെ ആദ്യ നിർമ്മൽ സംസ്ഥാനമായി സിക്കിം സംസ്ഥാനത്തെ 2008-ാമാണ്ടിൽ കേന്ദ്ര ഗവൺമെന്റ് അവാർഡ് നൽകി ആദരിച്ചിട്ടുണ്ട്. 2008-09 വർഷം വരെ കേരളത്തിലെ 826 ഗ്രാമപഞ്ചായത്തുകൾക്കും 96 ബ്ലോക്ക് പഞ്ചായത്തുകൾക്കും, 4 ജില്ലാപഞ്ചായത്തുകൾക്കും നിർമ്മൽ ഗ്രാമപുരസ്കാരം ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 173 ഗ്രാമപഞ്ചായത്തുകൾക്കും 56 ബ്ലോക്ക് പഞ്ചായത്തുകൾക്കും 10 ജില്ലാ പഞ്ചായത്തുകൾക്കും നിർമ്മൽ ഗ്രാമപുരസ്കാരം ലഭ്യമാക്കേണ്ട |

| | |
|---|---|
| | തുണ്ട്. 2010 ഓടുകൂടി ഇത് ലഭ്യമാക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) ശുചിത്വ മിഷൻ ഇപ്പോൾ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് എന്നും ശുചിത്വ മിഷൻ നടത്തുന്ന പ്രവർത്തനങ്ങളിൽ എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കാൻ കഴിയുന്നുണ്ടോ എന്നും വ്യക്തമാക്കുമോ? | സി) സമ്പൂർണ്ണ ശുചിത്വ യജ്ഞം, മാലിന്യ മുക്ത കേരളം പരിപാടി, ശുചിത്വത്തിനുവേണ്ടിയുള്ള കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ്, തണ്ണീർ തടങ്ങളുടെ ആവാഹപ്രദേശങ്ങളുടെ ശുചിത്വ സൗകര്യങ്ങൾ വർധിപ്പിക്കൽ എന്നിവയാണ് ശുചിത്വ മിഷൻ ഇപ്പോൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികൾ. ഈ പദ്ധതികളുടെ നിർവ്വഹണത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കാൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.337 | 8-7-2009-ൽ മറുപടിയ്ക്ക്

## തീരദേശവികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

ചോദ്യം | മറുപടി

ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :
ശ്രീ.ആനത്തലവട്ടം ആനന്ദൻ :
ശ്രീ.കെ.വി.അബ്ദുൾ ഖാദർ :
ശ്രീ.സി.എച്ച്.കുഞ്ഞമ്പു :
ശ്രീ.എം.പ്രകാശൻ മാസ്റ്റർ :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) തീരദേശവികസന കോർപ്പറേഷൻ ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) തീരദേശവികസന കോർപ്പറേഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. കോർപ്പറേഷൻ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്തു കഴിഞ്ഞു. കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് രണ്ടുപ്രാവശ്യം യോഗം ചേരുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. |
| (ബി) ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി കോർപ്പറേഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (ബി) ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഏതെല്ലാം ഫിഷിംഗ് ഹാർബറുകളുടെയും ഫിഷ് ലാൻഡിംഗ് സെന്ററുകളുടെയും നിർമ്മാണ പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ ഏറ്റെടുത്തത് ; | (സി) ചെറുവത്തൂർ, ചേറ്റുവ, പരപ്പനങ്ങാടി, താനൂർ, വെള്ളയിൽ, മഞ്ചേശ്വരം, വർക്കല, വലിയതുറ, ചെല്ലാനം 2-ാം ഘട്ടം, അർത്തുങ്കൽ രണ്ടാംഘട്ടം എന്നീ തുറമുഖങ്ങളു |

| | |
|---|---|
| | ടെയും ഓരി, കാഞ്ഞങ്ങാട്. കിഴുത്തയാറ, മുഴുപ്പിലങ്ങാട്, ഭ ചക്കുപാലം, ഏഴോം, അഴിത്തല, പെരുവണ്ണ, കയ്പമംഗലം, തേവര, ചാപ്പക്കടവ്, മാളികമുക്ക്, പതിയാങ്കര, പൊഴിയൂർ എന്നീ ഫിഷ് ലാൻറിംഗ് സെൻററുകളുടെയും നിർമ്മാണം കോർപ്പറേഷൻ ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നു. |
| (ഡി) കോർപ്പറേഷൻെറ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) അടിസ്ഥാന സൗകര്യവികസനം പരമ ലക്ഷ്യമായി കണ്ട് കോർപ്പറേഷൻെറ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 338 — 8-7-2009 ൽ മറുപടിക്ക്

### ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. എം.എം. മോനായി :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. കെ. വി.കുഞ്ഞിരാമൻ :<br>ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) 2009-10 ലെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | എ) 2009-10 ലെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ 2009 ഡിസംബർ 1 മുതൽ 2010 ജനുവരി 15 വരെ വിജയകരമായി സംഘടിപ്പിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫെസ്റ്റിവലിന്റെ ഉന്നതതല യോഗം, കഴിഞ്ഞ ഫെസ്റ്റിവലിനെക്കുറിച്ചുള്ള വിലയിരുത്തൽ നടത്തിക്കഴിഞ്ഞു. ഫെസ്റ്റിവലിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രാഥമിക ബഡ്ജറ്റ്, യോഗം അംഗീകരിച്ചു. ഫെസ്റ്റിവലിനാവശ്യമായ സ്പോൺസർഷിപ്പ് തുക കണ്ടെത്തുന്നതിനും പ്രചാരണ പ്രവർത്തനങ്ങൾക്കായി മാധ്യമങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വ്യാപാര സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നതിനും, പ്രതിനിധികൾക്കുള്ള പരിശീലന പദ്ധതിയും ആവിഷ്കരിച്ചുവരുന്നു. |
| ബി) കേരളത്തെ ഒരു ഷോപ്പിംഗ് ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതിന് ഈ ഫെസ്റ്റിവൽ എത്രത്തോളം പ്രയോജനപ്പെട്ടു എന്ന് വിശദമാക്കുമോ; | ബി) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ സംസ്ഥാനത്തെ ഒരു അന്താരാഷ്ട്ര ഷോപ്പിംഗ് ഡെസ്റ്റിനേഷൻ കൂടി ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. കേരളത്തിന്റെ പരമ്പരാഗതമായ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രത്യേക വിപണികൾ ഒരുക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ സാധിച്ചിട്ടുണ്ട്. ഈ വർഷത്തെ ഫെസ്റ്റിവലിലും ഇത്തരം മേളകൾ സംഘടിപ്പിക്കുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷം ഫെസ്റ്റിവൽ സംഘടിപ്പിച്ചതിലൂടെ ഈ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തുന്നു. |
| സി) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട് കൂടുതൽ ആളുകൾക്ക് സമ്മാനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | സി) | ഫെസ്റ്റിവലുമായി ബന്ധപ്പെട്ട് സമ്മാനം ലഭിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്ന രീതിയിലാണ് ഈ വർഷത്തെ സമ്മാന ഘടന നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ സർക്കാർ പ്രഖ്യാപിക്കുന്ന സമ്മാനങ്ങൾക്കുപുറമെ ഫെസ്റ്റിവലിൽ പങ്കാളികളാകുന്ന വ്യാപാര സ്ഥാപനങ്ങൾ വഴിയും പ്രത്യേകം സമ്മാനങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | ഫെസ്റ്റിവലുമായി ബന്ധപ്പെട്ട് പ്രധാന മാർക്കറ്റിംഗ് സെന്ററുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തുക ചെലവഴിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കുമോ? | ഡി) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ തെരഞ്ഞെടുത്ത വ്യാപാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള സെന്ററുകളുടെ ഗുണഭോക്താക്കളുടെ അഭിപ്രായവും സഹകരണവും നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ തിരുവനന്തപുരത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ട്രേഡ് സെന്റർ, കൊടുങ്ങല്ലൂർ മുസിരിസ് പ്രോജക്ടുമായി ബന്ധപ്പെട്ട വ്യാപാര കേന്ദ്രങ്ങൾ എന്നിവയുടെ വികസനത്തിന് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഫണ്ട് വിനിയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ-339

08-07-2009-ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളുടെ വിഭജനവും പുന:ക്രമീകരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. ബാബുപോൾ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. വി.എസ്. സുനിൽ കുമാർ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) എത്ര പഞ്ചായത്തുകളാണ് അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പിനു മുമ്പായി വിഭജിക്കാൻ ഉദ്ദേശിക്കുന്നതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ ജനസംഖ്യയിലും വിസ്തീർണ്ണത്തിലും മുന്നിൽ നിൽക്കുന്ന പഞ്ചായത്തുകളെ വിഭജിക്കുന്ന കാര്യം സർക്കാരിൻെറ പരിഗണനയിലാണ്. |
| (ബി) നിലവിലുള്ള പഞ്ചായത്ത് വാർഡുകൾ അടുത്ത തെരഞ്ഞെടുപ്പിനു മുമ്പായി പുന:ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അപ്രകാരം ചെയ്യുമ്പോൾ സംവരണ വാർഡുകൾക്കും പുന:ക്രമീകരണമുണ്ടാകുമോ? | (ബി) ഉണ്ട്. വാർഡുകളുടെ പുന:ക്രമീകരണം നടക്കുമ്പോൾ സംവരണ വാർഡുകൾക്കും പുന:ക്രമീകരണം ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

പന്ത്രണ്ടാം നിയമസഭ
പതിനൊന്നാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 340
08.07.2009 ൽ മറുപടിയ്ക്ക്

## സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ.മഞ്ഞളാംകുഴി അലി
ശ്രീ.കെ.വി.കുഞ്ഞിരാമൻ
ശ്രീ.എം.എം.മോനായി
ശ്രീ.മുരളി പെരുനെല്ലി
ശ്രീ.ബാബു.എം.പാലിശ്ശേരി
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 340 *

**ഉത്തരം**

ബഹു.ധനകാര്യ വകുപ്പുമന്ത്രി
ഡോ.തോമസ് ഐസക്

| ചോദ്യം | ഉത്തരം |
|---|---|
| **എ). സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി പദ്ധതി** ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | **സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി വകുപ്പിന്റെ പ്രവർത്തനങ്ങൾ പഠിക്കുവാൻ** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് **അക്കൗണ്ടന്റ്സ് ഓഫ്** ഇൻഡ്യ **(ഐ.സി.എ.ഐ) എന്ന സ്ഥാപനത്തെ** ചുമതലപ്പെടുത്തുകയും **ടി സ്ഥാപനം റിപ്പോർട്ട്** സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഐ.സി.എ.ഐ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്; | ഐ.സി.എ.ഐ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ ചുവടെ ചേർക്കുന്നു<br>1. വകുപ്പിൽ പൂർണ്ണമായ കമ്പ്യൂട്ടറൈസേഷൻ അടിയന്തിരമായി നടപ്പിലാക്കുക<br>2. നിലവിലുള്ള സിങ്കിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിനു പകരം ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുക<br>3. ലൈഫ്, ജനറൽ ഇൻഷ്വറൻസ് വിഭാഗങ്ങളിൽ പുതിയ ഉൽപ്പന്നങ്ങൾ ആരംഭിക്കുക<br>4. പൊതുമേഖലാ, എയിഡഡ് സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നടപ്പിലാക്കിയ ലൈഫ് ഇൻഷ്വറൻസ് പദ്ധതി നിർബന്ധിതമാക്കുക<br>5. പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് പദ്ധതി നിർബന്ധമായും ഇൻഷ്വറൻസ് വകുപ്പു വഴി തന്നെ നടപ്പിലാക്കുക<br>6. സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകളുടേയും, വകുപ്പുകളുടേയും ക്ഷേമ പദ്ധതികൾ ഇൻഷ്വറൻസ് വകുപ്പു വഴി നടപ്പിലാക്കുക |

| | |
|---|---|
| | 7. ആക്ച്വറിയൽ വാല്യുവേഷൻ വാർഷികമായി നടപ്പിലാക്കുക.<br>8. വകുപ്പിന് കൂടുതൽ സ്വയം ഭരണാധികാരം നൽകുക.<br>9. ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിലുള്ള പ്രീമിയം സ്ലാബുകൾ പുതുക്കി നിശ്ചയിക്കുക<br>10. ബിസിനസ് ഡെവലപ്മെന്റ് സെൽ രൂപീകരിക്കുക<br>11. വകുപ്പിന് കൂടുതൽ സാമ്പത്തിക അധികാരങ്ങൾ നൽകുക.<br>12. നടപടിക്രമങ്ങൾ ലഘൂകരിക്കുക.<br>13. നിലവിലുള്ള റീ-ഇൻഷ്വറൻസ്, കോ-ഇൻഷ്വറൻസ് ഉടമ്പടികൾ പരിശോധിച്ച് പരിഷ്ക്കരിക്കുക. |
| സി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | 1. കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായി നടപ്പിലാക്കുന്നതിനും അക്കൗണ്ടിംഗ് സംവിധാനം ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് മാറ്റുന്നതിനും ഐ.സി.എ.ഐ എന്ന സ്ഥാപനത്തിനെ തന്നെ ചുമതലപ്പെടുത്തുന്നതിന് അവരിൽ നിന്നും റോഡ്മാപ്പ് വാങ്ങിയിട്ടുണ്ട്.<br>2. ജനറൽ ഇൻഷ്വറൻസ് വിഭാഗത്തിൽ രണ്ടു പുതിയ പ്രോഡക്റ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br>3. ലൈഫ് ഇൻഷ്വറൻസ് വിഭാഗത്തിലും രണ്ടു പുതിയ പ്രോഡക്റ്റുകൾ ആരംഭിക്കുന്നതിലേക്ക് പ്രോജക്ട് സമർപ്പിക്കുന്നതിന് ആക്ചുറിയെ ഇൻഷ്വറൻസ് ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്<br>4. എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതികൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കു കൂടി നിർബന്ധമാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനു നൽകണമെന്ന ഉത്തരവ് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും നടപ്പാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ? | പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ്, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനു നൽകണമെന്ന ഉത്തരവ് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും പാലിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പത്താം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 341

8.7.2000 ൽ മറുപടിക്ക്

## മത്സ്യബന്ധന തുറമുഖങ്ങൾ

ചോദ്യം

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

ശ്രീ. എം.കെ.പുരുഷോത്തമൻ
ശ്രീ. ആർ.സെൽവരാജ്
ശ്രീ. എ.പ്രദീപ് കുമാർ
ശ്രീ. പി. വിശ്വൻ
ശ്രീ. സി.എച്ച്.കുഞ്ഞമ്പു

എ) ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്;

എ) വിഴിഞ്ഞം, മുതലപ്പൊഴി, തോട്ടപ്പള്ളി, ചെത്തി ഒന്നാം ഘട്ടം, അർത്തുങ്കൽ ഒന്നാം ഘട്ടം, ചെല്ലാനം ഒന്നാംഘട്ടം, പൊന്നാനി, കൊയിലാണ്ടി, തലായ് എന്നി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം നടന്നു വരുന്നു.

ബി) ഏതെല്ലാം തുറമുഖങ്ങളുടെ നിർമ്മാണം ഈ വർഷം പൂർത്തിയാക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ;

ബി) ചെല്ലാനം ഒന്നാംഘട്ടം പ്രവൃത്തി പൂർത്തീകരിച്ചു. വിഴിഞ്ഞം, ചെത്തി ഒന്നാം ഘട്ടം, അർത്തുങ്കൽ ഒന്നാം ഘട്ടം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ പൂർത്തീകരണം ഈ വർഷം പ്രതീക്ഷിക്കുന്നു.

സി) മത്സ്യബന്ധന തുറമുഖങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങൾക്ക് പദ്ധതി ആവിഷ്കരിക്കുമോ;

സി) മത്സ്യബന്ധന തുറമുഖങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങൾക്ക് നിലവിൽതന്നെ ക്രമീകരണങ്ങൾ ഉണ്ട്. പണി പൂർത്തിയായി കമ്മീഷൻ ചെയ്തിട്ടുള്ളതിൽ നീണ്ടകര ഒഴിച്ചുള്ള മത്സ്യബന്ധന തുറമുഖങ്ങളിലെ ടോൾ പിരിവുകൾ ദർഘാസ് ക്ഷണിച്ച് നൽകുമ്പോൾ കരാർ പ്രകാരം മത്സ്യബന്ധന കേന്ദ്രങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ ടോൾ പിരിവ് നടത്തുന്ന കരാറുകാരൻ തൃപ്തികരമായി നടത്തണമെന്ന് വ്യവസ്ഥ ചെയ്യാറുണ്ട്. നീണ്ടകര തുറമുഖത്തെ ശുചീകരണ പ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നേരിട്ട് നടപ്പാക്കി വരുന്നു.

ഡി) മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഡി) തങ്കശ്ശേരി, നീണ്ടകര, കായംകുളം, മുനമ്പം, പുതിയാപ്പ, ചോമ്പാൽ, മാപ്പിളബേ എന്നി മത്സ്യബന്ധന തുറമുഖങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വേണ്ടിയുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 342 — 8.7.2009- ൽ മറുപടിയ്ക്ക്

## അഹാഡ്സ് സമ്പൂർണ്ണ ഊരു വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീ. വി.ശശികുമാർ:<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ.എം.ഹംസ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(ബഹു:തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി.) |
| (എ) അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. ഗുജറാത്തിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആനന്ദ് (ഐ.ആർ.എം.എ) മിഡ് ടേം ഇവാലുവേഷൻ നടത്തിയിട്ടുണ്ട്. കൂടാതെ വിൽബർ സ്മിത്ത്, കൺസൽട്ടന്റ് ജെ.ബി.ഐ.സിക്കു വേണ്ടി വ്യക്തിഗത അവലോകനവും നടത്തിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന ഏജൻസിയും, പദ്ധതിയുടെ ഭാഗമായി നിയമിച്ച നിപ്പൺകോയി കമ്പനിയും പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ പ്രവർത്തനം കൊണ്ട് പിന്നോക്ക പ്രദേശമായ അട്ടപ്പാടിയിൽ ഗുണകരമായ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) **745.** ച.കി.മി വിസ്തീർണ്ണം വരുന്ന അട്ടപ്പാടി ബ്ലോക്കിലെ പരിസ്ഥിതി പുന:സ്ഥാപനവും, തദ്ദേശവാസികളുടെ സുസ്ഥിരജീവനോപാധിയും (പ്രത്യേകിച്ചും പട്ടികവർഗ്ഗക്കാരുടെ) ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന സ്ഥാപനമാണ് അട്ടപ്പാടി പരിസ്ഥിതിപുന:സ്ഥാപന പദ്ധതി. വന- തരിശു ഭൂമിയിലെ വനവൽക്കരണ പ്രവർത്തനങ്ങൾ സ്വകാര്യ തരിശു ഭൂമിയിലെ |

കാർഷിക - വനവൽക്കരണ പ്രവർത്തനങ്ങൾ, മണ്ണു -ജല സംരക്ഷണ പ്രവർത്തനങ്ങൾ എന്നീ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളാണ് മുഖ്യമായും ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. കൂടാതെ ഗോത്ര സമൂഹത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വെച്ചുകൊണ്ട് ഭവന സുരക്ഷ ഉൾപ്പെടെയുള്ള 13 വികസന ഘടകങ്ങൾ അടങ്ങുന്ന സമ്പൂർണ്ണ ഊര് വികസന പരിപാടിയും നടപ്പിലാക്കുന്നു. ആരോഗ്യ - വിദ്യാഭ്യാസ മേഖലയിലെ പശ്ചാത്തല സൗകര്യ വികസനം, സുസ്ഥിര ജീവനോപാധി വികസനം, കലാ-കായിക വികസനം, ഗോത്രവൈദ്യ പരിപോഷണം തുടങ്ങിയവയും പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി അട്ടപ്പാടിയിലെ നശിച്ചുകൊണ്ടിരിക്കുന്ന പരിസ്ഥിതിക സന്തുലിതാവസ്ഥ വലിയൊരളവിൽ തിരിച്ചുകൊണ്ടുവരാൻ സാധിച്ചു. വറ്റിവരണ്ട കൊടുങ്ങരപ്പള്ളം പോലുള്ള നദികൾ പുനർജ്ജനിക്കുകയും, 54 ലക്ഷത്തോളം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക വഴി ആളോഹരി വരുമാനം വർദ്ധിക്കുകയും, പട്ടിണി മരണങ്ങൾ, ബാലവേല എന്നിവ തുടച്ചുമാറ്റാനും സാധിച്ചു. പിന്നോക്ക പ്രദേശമായ അട്ടപ്പാടിയിലെ ജനങ്ങളുടെ വിദ്യാഭ്യാസ- ആരോഗ്യ നില മെച്ചപ്പെടുത്താനും സമ്പൂർണ്ണ ഊരു വികസന പരിപാടി നടപ്പാക്കുക വഴി പട്ടിക വർഗ്ഗക്കാരുടെ ജീവിത രീതി മെച്ചപ്പെടുത്തുവാനും എല്ലാ പ്രവർത്തനങ്ങളിലും പൂർണ്ണ ജന

| | | | |
|---|---|---|---|
| | | | പങ്കാളിത്തം ഉറപ്പുവരുത്തുക വഴി ആദിവാസി സ്ത്രീകൾ ഉൾപ്പെടെയുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനും സാധിച്ചിട്ടുണ്ട്. |
| (സി) | അഹാഡ്സ് സമ്പൂർണ്ണ ഊര് വികസന പദ്ധതിയുടെ ഭാഗമായി എത്ര ഊരുകളിൽ ഭവന നിർമ്മാണം നടത്തിയിട്ടുണ്ട് എന്നും എത്ര വീടുകൾ നിർമ്മിച്ചു നൽകിയെന്നും വ്യക്തമാക്കാമോ; | (സി) | ഒന്നാംഘട്ട സമ്പൂർണ്ണ ഊരു വികസന പരിപാടിയുടെ ഭാഗമായി അട്ടപ്പാടിയിലെ തിരഞ്ഞെടുത്ത 27 ഊരുകളിലാണ് അഹാഡ്സ് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഇതിൽ 9 ഊരുകളിലായി 299 വീടുകൾ നിർമ്മിച്ച് താക്കോൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച 377 വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറുന്നതിന് തയ്യാറായിട്ടുണ്ട്. ഇതിനു പുറമേ 268 വീടുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. |
| (ഡി) | ഭവന പദ്ധതി എല്ലാ ഊരുകളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | 2009-2010 കാലഘട്ടത്തിൽ പുതുതായി 31 ഊരുകളിലായി 1319 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ അട്ടപ്പാടിയിലെ എല്ലാ ഊരുകളിലേക്കും ഭവന നിർമ്മാണ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ഒരു കരട് പദ്ധതി രേഖ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഇ) | അഹാഡ്സ് സംഘടിപ്പിച്ച സൈക്യാട്രിക് മെഡിക്കൽ ക്യാമ്പുകളിൽ എത്ര പേർക്ക് ചികിൽസ നൽകി എന്ന് വെളിപ്പെടുത്തുമോ; | (ഇ) | അഹാഡ്സ് സംഘടിപ്പിച്ച 7 സൈക്യാട്രി മെഡിക്കൽ ക്യാമ്പുകളിലായി 140 പേർക്ക് ചികിത്സ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | അട്ടപ്പാടിയെ ലഹരി വിമുക്തമേഖലയാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ? | (എഫ്) | അട്ടപ്പാടിയെ ലഹരി വിമുക്ത മേഖലയാക്കുന്നതിന് വിവിധ രീതിയിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ഊരുകളെ ലഹരി വിമുക്തമാക്കുന്നതിനായി അഹാഡ്സിന്റെ കീഴിൽ രൂപികരിച്ചിട്ടുള്ള തായ്കുല സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ എക്സൈസ് വകുപ്പുമായി സംയോജിച്ചുകൊണ്ട് കഞ്ചാവ്, ചാരായ റെയ്ഡ് എന്നിവയും നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ: 343 — 08.07.2009 - ൽ മറുപടിക്ക്

# അഴിമതി തടയുന്നതിന് നൂതന അന്വേഷണ മാർഗ്ഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സാജുപോൾ<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.രാജു എബ്രഹാം | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ) |
| (എ) വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ ആഫീസുകളിലേയും ചെക്ക് പോസ്റ്റുകളിലേയും അഴിമതി തടയുന്നതിന് നൂതന രീതിയിലുള്ള അന്വേഷണ മാർഗ്ഗം അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ രഹസ്യവിവരം (Source Information ) ശേഖരിക്കുകയും അതനുസരിച്ച് മിന്നൽ പരിശോധനകളും റെയ്ഡും നടത്താനും അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും അവർ അതനുസരിച്ച് പ്രവർത്തിക്കുയും ചെയ്യുന്നു. കൂടാതെ ആധുനിക അന്വേഷണ ഉപകരണങ്ങളുടെ സഹായത്തോടെ ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും രഹസ്യ വിവരങ്ങൾ ശേഖരിച്ച് അവയുടെയും അടിസ്ഥാനത്തിൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) വിവിധ വകുപ്പുകളിലെ അഴിമതിക്കാരുടെ ലിസ്റ്റ് രഹസ്യമായി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) തൽക്കാലം ഉദ്ദേശ്യമില്ല. എന്നാൽ അഴിമതിക്കാരാണെന്ന് വിവരം ലഭിക്കുന്ന ഉദ്യോഗസ്ഥരെ രഹസ്യമായി നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

(മറുപുറം)

| | |
|---|---|
| (സി) വിജിലൻസിന് റഫർ ചെയ്തിട്ടുള്ള അഴിമതി കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) വിജിലൻസ് അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 344 08-07-09 ൽ മറുപടിക്ക്

ഭൂമിക്ക് ധാരണവില നിശ്ചയിച്ചതിന്റെ മാനദണ്ഡം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ.എസ്.ശർമ്മ (ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഭൂമി രജിസ്ട്രേഷനുവേണ്ടി ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ധാരണവില നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്തൊക്കെയാണ് ; | (എ) ഭൂമിയുടെ വിലനിർണയം സംബന്ധിച്ച് കേരള മുദ്രപത്ര നിയമത്തിലും ചട്ടങ്ങളിലുമുള്ള മാർഗ്ഗ നിർദ്ദേശ തത്വങ്ങൾ തന്നെയാണ് മാർഗ്ഗ നിർദ്ദേശവില (Guideline Value) നിശ്ചയിക്കാനും അടിസ്ഥാനമാക്കിയിട്ടുള്ളത്. അതായത് ഭൂമി സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ വികസനാവസ്ഥ; അതായത് വാണിജ്യപരമായ പ്രാമുഖ്യം, ജലവിതരണം, വൈദ്യുതി, ഗതാഗതം, വാർത്താവിനിമയം എന്നിവയ്ക്കുള്ള സൗകര്യം; കമ്പോളങ്ങൾ, സബ് സ്റ്റേഷനുകൾ, റയിൽവേ സ്റ്റേഷനുകൾ, ഫാക്ടറികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ സാമീപ്യം; ഭൂമിയുടെ ഭൂമിശാസ്ത്രപരമായ കിടപ്പ്, ഭൂമിയുടെ പ്രകൃതി, അതായത് വരണ്ടതോ, തരിശോ, ചതുപ്പോ, തോട്ടമോ എന്നതും, ഫലഭൂയിഷ്ടത, വിളകളുടെ സ്വഭാവം, ഉത്പാദനശേഷി തുടങ്ങിയവ കണക്കിലെടുത്താണ് മാർഗ്ഗ നിർദ്ദേശ വില (Guideline Value) നിശ്ചയിച്ചിട്ടുള്ളത് . അണ്ടർവാല്യുവേഷൻ നടപടികൾ സ്വീകരിക്കാനുള്ള സബ് രജിസ്ട്രാർമാരുടെ വിപുലമായ അധികാരം അശ്രദ്ധമായും ദുരുദ്ദേശപരമായും ഉപയോഗിക്കുന്നതായി പരാതികൾ ഉണ്ടായതിനാലാണ് പത്തു വർഷം മുമ്പ് ഇപ്രകാരത്തിൽ മാർഗ്ഗ നിർദ്ദേശം നൽകിയത്. 26-11-2002 മുതലാണ് ഫലപ്രദമായും കർശനമായും ഇത് നടപ്പിലാക്കിയത്. |

| | | | |
|---|---|---|---|
| (ബി) | ഏതെങ്കിലും കമ്മറ്റിയുടെ ശുപാർശ പ്രകാരമാണോ ധാരണ വില നിശ്ചയിച്ചിട്ടുള്ളത് ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | (ബി) | നികുതി വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ രജിസ്ട്രേഷൻ വകുപ്പിലെ ജില്ലാ തലത്തിലും അതിന് മുകളിലുമുള്ള ഉദ്യോഗസ്ഥരുടെ അവലോകന യോഗം എല്ലാ മാസവും നടന്നുവരുന്നുണ്ട്. ഓരോ മാസത്തേയും പ്രായോഗികാനുഭവങ്ങളും, കാര്യക്ഷമത, നികുതി പിരിവ്, സേവനപ്രദാനം എന്നിവയിലെ പുരോഗതിയും, പ്രവണതകളും വിലയിരുത്തുന്ന യോഗമാണത്. സംസ്ഥാന തല പ്രതിമാസ അവലോകന യോഗത്തിലെ ആലോചനകളിൽ നിന്നുമാണ് മാർഗ്ഗനിർദ്ദേശ വില എന്ന പ്രായോഗിക നടപടി ഉരുത്തിരിഞ്ഞു വന്നിട്ടുള്ളത്. |
| (സി) | ധാരണ വിലയ്ക്ക് പകരം ഗസറ്റ് വിജ്ഞാപനത്തിലൂടെ ഭൂമിക്ക് താരിഫ് നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | | **<u>(സിയും ഡിയും)</u>** ഭൂമിക്ക് ന്യായവില നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. 05-05-2008ൽ കരട് ന്യായവില പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരാതികളും അപാകതകളും പരിഹരിക്കുന്ന പ്രവർത്തനം നടന്നു വരികയാണ്. |
| (ഡി) | എങ്കിൽ ഇതു സംബന്ധമായി ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | | |
| (ഇ) | സംസ്ഥാനത്ത് താരിഫ് എന്ന് പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ? | (ഇ) | അപാകതകൾ പൂർണ്ണമായി പരിഹരിച്ചശേഷം എത്രയും വേഗം അന്തിമ ന്യായവില പ്രസിദ്ധീകരിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ-.345

08-07-2009-ൽ മറുപടിയ്ക്ക്

## തദ്ദേശ സ്ഥാപനങ്ങളുടെ അതിർത്തി പുനർനിർണ്ണയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർ നിർണ്ണയം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ, പുനർനിർണ്ണയത്തിനുള്ള മാനദണ്ഡം എന്തൊക്കെയെന്ന് അറിയിക്കാമോ; | (ബി) മാനദണ്ഡങ്ങൾക്ക് രൂപം നൽകിവരുന്നു. |
| (സി) വരുന്ന തെരഞ്ഞെടുപ്പിനുമുമ്പ് പുനർ നിർണ്ണയം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) ഉണ്ട്. ഭൂമിശാസ്ത്രപരമായും ജനസംഖ്യാപരമായും സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെപ്പറ്റി വിശകലനം ചെയ്ത് ചീഫ് ടൗൺ പ്ലാനർ ലഭ്യമാക്കിയിരിക്കുന്ന പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 346 08.07 .2009 ൽ മറുപടിയ്ക്ക്

### ഭീകരാക്രമണം നേരിടുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. പി. വിശ്വൻ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :

**ഉത്തരം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും
വകുപ്പ് മന്ത്രി)

എ) മുംബൈ ആക്രമണത്തെ തുടർന്ന് സംസ്ഥാനത്തെ പ്രമുഖ ഹോട്ടലുകളിൽ സുരക്ഷാ സംവിധാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

എ) മുംബൈ തീവ്രവാദി ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ 01.01.2009 - ന് ആഭ്യന്തര മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് പ്രമുഖ ഹോട്ടൽ മേഖലയിലെ പ്രതിനിധികളുടെ ഒരു യോഗം നടത്തുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ പ്രമുഖ ഹോട്ടലുകളുടെയും സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് ഒരു വിശദമായ സുരക്ഷാ പരിശോധന നടത്താൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മുപ്പത് (30) മുന്തിയ ഇനം ( 4 സ്റ്റാർ പദവിയുള്ള) ഹോട്ടലുകളുടെയും വിശദമായ സുരക്ഷാ പരിശോധന ബന്ധപ്പെട്ട പോലീസ് സൂപ്രണ്ടുമാരും, കമ്മീഷണർമാരും, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരും നടത്തുകയുണ്ടായി. അതിനു ശേഷം റിപ്പോർട്ട് ഹോട്ടലിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കൈമാറുകയും, ടി റിപ്പോർട്ടിൽ സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കുന്നതിനു വേണ്ടി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

ബി) ഏതു തരത്തിലുള്ള ഭീകാരാക്രമണവും നേരിടുന്നതിന് പ്രാപ്തരായ കമാണ്ടോകളെ വാർത്തെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

ബി) സംസ്ഥാന പോലീസിൽ നിലവിൽ ഒരു കമാണ്ടോ വിഭാഗം ഉണ്ട്. ഈ വിഭാഗത്തിൽപെട്ടവർ ഭീകരാക്രമണം നേരിടുന്നതിന് പ്രാപ്തരാണ്. നിലവിൽ കമാണ്ടോ വിഭാഗത്തിലെ അംഗസംഖ്യ വളരെ കുറവാണ് (33 പേർ). കൂടുതൽ പേരെ കമാണ്ടോ വിംഗിലേക്കുകൊണ്ടുവരുവാൻ വേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നു.

സി) ഭീകരാക്രമണം നേരിടുന്നതിനുള്ള പദ്ധതികൾക്ക് കേന്ദ്ര സർക്കാർ ആവശ്യമായ സഹായം നൽകുന്നുണ്ടോ ?

സി) കടൽ മാർഗ്ഗത്തിലൂടെയുള്ള ഭീകരാക്രമണം നേരിടുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് എട്ട് തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. ഓരോ തീരദേശ പോലീസ് സ്റ്റേഷൻെറയും നിർമ്മാണത്തിനായി 24.70 ലക്ഷം രൂപാ വീതം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. നാവിക സേന, കോസ്റ്റ് ഗാർഡ് എന്നീ സുരക്ഷാ സേനയുമായി ചേർന്നുള്ള തീരദേശ പട്രോളിംങ്ങ് നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 347 08/07/2009-ൽ മറുപടി നൽകേണ്ടത്

# ഹൈവേ ജാഗ്രതാ സമിതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.രാജൻ.<br>ശ്രീ.കെ.രാജു.<br>ശ്രീ.രാജാജി മാത്യു തോമസ്.<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഹൈവേ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;<br><br>ബി) ഈ സമിതികളുടെ ചുമതലകൾ എന്തെല്ലാമാണെന്നും ഈ സമിതികളുടെ ഘടന എന്താണെന്നും വ്യക്തമാക്കാമോ; | എ) & ബി) സംസ്ഥാനത്ത് ഹൈവേ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പോലീസ് ഡയറക്ടർ ജനറൽ സമർപ്പിച്ച മാർഗ്ഗനിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| സി) പൊതുജനപങ്കാളിത്തത്തോടെ റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണാവിഷ് കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | സി) പൊതുജനപങ്കാളിത്തത്തോടെ റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് ആവിഷ്ക്കരിച്ച് നടപ്പാക്കികൊണ്ടിരിക്കുന്ന പ്രധാന പരിപാടികൾ താഴെകൊടുക്കുന്നു.<br>1) സ്കൂളുകളിൽ വിദ്യാർത്ഥികളുടേയും രക്ഷാകർത്താക്കളുടേയും പങ്കാളിത്തത്തോടെ റോഡ് സേഫ്റ്റി ക്ലബ് രൂപീകരിക്കൽ.<br>2) ജനങ്ങളിൽ ശരിയായ ട്രാഫിക് സംസ്കാരം വളർത്തുന്നതിനും അതുവഴി അപകടനിരക്ക് കുറയ്ക്കുന്നതിനുമായി പി.ഡബ്ല്യു.ഡി, വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി സഹകരിച്ച് ഡ്രൈവർമാർ, ഹോസ്പിറ്റൽ പ്രതിനിധികൾ, വ്യാപാരികൾ, |

റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ പി.റ്റി.എ., എൻ.ജി.ഒ. എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഏകദിന സെമിനാർ സംഘടിപ്പിക്കൽ.

3) പ്രമുഖ മൊബൈൽ കമ്പനികൾ, പെട്രോളിയം ഡീലേഴ്സ്, സപ്ലൈകോ തുടങ്ങിയവ വഴി റോഡ് സുരക്ഷാ സന്ദേശങ്ങൾ നൽകൽ.

4) പൊതുജനങ്ങൾക്കുള്ള ട്രാഫിക് സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനായി താലൂക്ക് തലത്തിലും ജില്ലാ തലത്തിലും " ട്രാഫിക് ഗ്രീവൻസ് ഹിയറിംഗ് പ്രോഗ്രാം" നടത്തുക തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ-- പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.348 8-7-2009- ൽ മറുപടിയ്ക്ക്

**'മത്സ്യകേരളം' പദ്ധതി**

ചോദ്യം — മറുപടി

ശ്രീ.കെ.കുഞ്ഞിരാമൻ :
ശ്രീ.വി.എൻ.വാസവൻ :
ശ്രീ.കെ.വി.അബ്ദുൾ ഖാദർ :
ശ്രീ.സി.കെ.സദാശിവൻ :
ശ്രീ.എ.എം.ആരിഫ് :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ഉൾനാടൻ മത്സ്യ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ആരംഭിച്ച 'മത്സ്യകേരളം' പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ മുഴുവൻ ഉൾനാടൻ ജലാശയങ്ങളിലും മത്സ്യകൃഷി നടപ്പിലാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള 'മത്സ്യകേരളം' പദ്ധതി ഫിഷറീസ് വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായാണ് നടപ്പിലാക്കുന്നത്. കേരളത്തിലെ 14 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന 700 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽപെട്ട 10000 ഹെക്ടർ ശുദ്ധജല/ഓരുജല പ്രദേശങ്ങൾ 3 വർഷംകൊണ്ട് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരും. പദ്ധതിയുടെ മൊത്തം അടങ്കൽ 71 കോടി രൂപയും കർഷകർക്ക് സബ്സിഡിയായി നൽകുന്നത് 24 കോടി രൂപയുമാണ്. 2008-09 വർഷംമുതൽ 2010-11 വരെ മൂന്ന് വർഷങ്ങളിലായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ശുദ്ധജല/ഓരുജല മത്സ്യകൃഷിയുടെ വികസനം, നെൽപ്പാടങ്ങളിലെ മത്സ്യ/ആറ്റുകൊഞ്ച് കൃഷി വികസനം, പൊക്കാളി നിലങ്ങളിലെ ചെമ്മീൻകൃഷി, സംയോജിത മത്സ്യകൃഷിക്ക് പ്രോത്സാഹനം, അലങ്കാര മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മത്സ്യവിത്ത് പരിപാലന യൂണിറ്റുകൾ സ്ഥാപിക്കൽ, മത്സ്യത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കൽ, കൊതുക് (കൂത്താടി) നിർമ്മാർജ്ജന മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിക്കൽ, ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിക്കൽ, നദികളിലെയും അഴിമുഖങ്ങളിലെയും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ, പഞ്ചായത്തുതലത്തിൽ മാതൃകാ മത്സ്യഫാമുകൾ സ്ഥാപിക്കൽ, ചെമ്മീൻ, കക്ക, ഞണ്ട്, മുരിങ്ങ, കടൽപ്പായൽ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കൽ, കൂടുകളിൽ മത്സ്യം വളർത്തൽ പദ്ധതി നടപ്പാക്കൽ, കക്ക ശുദ്ധീകരണ ശാലകൾ സ്ഥാപിക്കൽ, മത്സ്യകർഷകർക്ക് വിദഗ്ദ്ധ പരിശീലനം നൽകൽ, വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, |

| | |
|---|---|
| | ഗ്രാമതല മത്സ്യകർഷക ക്ലബ്ബുകൾ രൂപീകരിക്കൽ എന്നിവയാണ് മത്സ്യകേരളം പദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്ന പ്രധാന പരിപാടികൾ. വൈവിധ്യവൽക്കരണത്തിനും ജനപങ്കാളിത്തത്തിനും പദ്ധതി അതീവ പ്രാധാന്യം നല്കുന്നു. |
| (ബി) പദ്ധതി നടപ്പാക്കിയതിനുശേഷം കൂടുതലായി എത്ര ടൺ മത്സ്യോല്പാദനം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) 20-12-2008 - ൽ ആരംഭിച്ച പദ്ധതിയുടെ ഒന്നാംഘട്ടത്തിലെ സൗജന്യ ചെമ്മീൻ വിത്ത് വിതരണം 2009 മാർച്ച് അവസാനത്തോടെയാണ് പൂർത്തീകരിച്ചത്. വിളവെടുപ്പ് എല്ലാ ജില്ലകളിലും പൂർത്തിയായിട്ടില്ല. ചെമ്മീനും കല്ലുമ്മേക്കായയുമാണ് പ്രധാനമായും ഒന്നാംഘട്ടത്തിൽ കൃഷി ചെയ്തത്. എറണാകുളം, തൃശ്ശൂർ, ആലപ്പുഴ, കണ്ണൂർ എന്നീ ജില്ലകളിലാണ് മുഖ്യമായും ചെമ്മീൻ കൃഷി നടന്നത്. ഇതിനകം 2000 ടണ്ണോളം ചെമ്മീൻ വിളവെടുത്തിട്ടുണ്ട്. കല്ലുമ്മേക്കായ കൃഷിയും ഒന്നാംഘട്ടത്തിൽ 802 യൂണിറ്റുകളിലായി സംസ്ഥാനത്തൊട്ടാകെ ആരംഭിച്ചു. ഇതിനകം 2000 ടണ്ണോളം കല്ലുമ്മേക്കായ വിളവെടുത്തിട്ടുണ്ട്. ജൂലായ് മാസം 15 ന് ശേഷം മാത്രമേ വിളവെടുപ്പ് പൂർത്തിയായി കൃത്യമായ കണക്ക് എടുക്കാൻ സാധിക്കുകയുള്ളൂ. ഇതുവരെ ലഭ്യമായ കണക്കനുസരിച്ച് ഉൾനാടൻ മേഖലയിൽ ചെമ്മീനിന്റെയും കല്ലുമ്മേക്കായയുടെയും ഉല്പാദനം മുൻവർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. |
| (സി) മത്സ്യകൃഷിക്കായി കർഷകന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; | (സി) 71 കോടി രൂപ അടങ്കൽ വകയിരുത്തിയിട്ടുള്ള മത്സ്യകേരളം പദ്ധതിയിൽ 24 കോടി രൂപ കർഷകർക്കുള്ള സബ്സിഡിയാണ്. മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കുന്ന ടി പദ്ധതിയിൽ ചെമ്മീൻ ഉൾപ്പെടെയുള്ള ഓരുജല കൃഷിക്ക് ആദ്യ വർഷം കുളം ഒരുക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും 30000/- രൂപയും ഇൻപുട്ട് സബ്സിഡി 10000/- രൂപയും ഉൾപ്പെടെ ആകെ 40000/- രൂപയുടെ ആനുകൂല്യം കർഷകർക്ക് നൽകുന്നു. എന്നാൽ രണ്ടാം വർഷത്തിൽ ആദ്യവർഷത്തെ ഇൻപുട്ട് സബ്സിഡിയുടെ 75 ശതമാനവും (പരമാവധി 7500/- രൂപ വരെ)- മൂന്നാംവർഷത്തിൽ ഇൻപുട്ട് സബ്സിഡിയുടെ 50 ശതമാനവും (പരമാവധി 5000/- രൂപവരെ) കർഷകർക്ക് ആനുകൂല്യമായി നൽകുന്നു.<br>ശുദ്ധജല മത്സ്യകൃഷിക്ക് ആദ്യവർഷം കുളം റിപ്പയർ, കുളം ഒരുക്കൽ എന്നിവയ്ക്ക് പരമാവധി ഹെക്ടറിന് 12000/- രൂപയും ഇൻപുട്ട് സബ്സിഡി ഹെക്ടറിന് 6000/- രൂപയും ഉൾപ്പെടെ 18000/- രൂപ സബ്സിഡിയായി ലഭിക്കും. രണ്ടാംവർഷത്തിൽ ആദ്യഘട്ടത്തിലെ/വർഷത്തിലെ ഇൻപുട്ട് സബ്സിഡിയുടെ 75 ശതമാനവും (പരമാവധി 4500/-രൂപവരെ) മൂന്നാം വർഷ |

ത്തിൽ ആദ്യവർഷത്തെ ഇൻപുട്ട് സബ്സിഡിയുടെ 50 ശതമാനവും (പരമാവധി 3000 രൂപവരെ) കർഷകർക്ക് ആനുകൂല്യമായി നൽകുന്നു. ഇവ കൂടാതെ മറ്റു കൃഷിരീതികൾക്കുനൽകുന്ന ആനുകൂല്യങ്ങൾ ഇനിപറയുംപ്രകാരമാണ്.

| ക്രമ നം. | കൃഷി രീതി | സഹായധന നിരക്ക് (രൂപ) |
|---|---|---|
| 1 | നെല്ല്/മത്സ്യം/ചെമ്മീൻ/പാടശേഖരങ്ങൾ/പരിത്യക്തമായ ജലപ്രദേശങ്ങളിലെ കൃഷി | 24000/ഹെക്ടർ |
| 2 | സംയോജിത മത്സ്യകൃഷി | 16000/ഹെക്ടർ |
| 3 | അലങ്കാര മത്സ്യോല്പാദനം (യൂണിറ്റുകൾ) | 40000 |
| 4 | മത്സ്യവിത്തുപരിപാലന കേന്ദ്രങ്ങൾ (യൂണിറ്റുകൾ) | 10000 |
| 5 | കൊതുക് (കൂത്താടി) നിർമ്മാർജ്ജന മത്സ്യകൃഷി/ഉൽപ്പാദനം (യൂണിറ്റുകൾ) | 20000 |
| 6 | കർഷകരുടെ വിള ഇൻഷുറൻസ് പദ്ധതി (ഹെക്ടർ) | 50% (പരമാവധി ഹെക്ടറിന് 1500 രൂപ) |
| 7 | കക്ക/ചിപ്പി/ക്ലാം കൃഷി (ഹെക്ടർ) | 2500 |
| 8 | കടൽപ്പായൽ കൃഷി (യൂണിറ്റുകൾ) | 40000 |
| 9 | കൂടുകളിലെ മത്സ്യകൃഷി (യൂണിറ്റുകൾ) | 12500 |
| 10 | ഞണ്ടുകൃഷി (യൂണിറ്റുകൾ) | 12500 |
| 11 | കക്ക/ചിപ്പി ശുദ്ധീകരണ യൂണിറ്റുകൾ | 50000 |

ഇവ കൂടാതെ കർഷകർക്ക് സൗജന്യമായി വിദഗ്ദ്ധ പരിശീലനവും നൽകി വരുന്നു.

| | |
|---|---|
| (ഡി) ഈ വർഷം എത്ര ഹെക്ടർ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി വികസിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ഡി) മത്സ്യ/ചെമ്മീൻ കൃഷിക്കായി മുന്നോട്ടുവരുന്ന അപേക്ഷകരുടെ എണ്ണവും സാദ്ധ്യതകളും, മത്സ്യകൃഷിയോടുള്ള കർഷകരുടെ താല്പര്യവും കണക്കിലെടുത്ത് പദ്ധതിയിൽ നിശ്ചയിച്ചിരുന്നതിനേക്കാൾ കൂടുതൽ സ്ഥലത്ത് മത്സ്യകൃഷി ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിലെ ഓരുജല ചെമ്മീൻ കൃഷി 1000 ഹെക്ടറിലാണുദ്ദേശിച്ചിരുന്നതെങ്കിലും 2140 ഹെക്ടറിൽ ചെമ്മീൻകൃഷി നടത്തുകയുണ്ടായി. ഒന്നാം |

| | |
|---|---|
| | ഘട്ടത്തിൽ 150 കല്ലുമ്മേക്കായ യൂണിറ്റുകൾ വിഭാവനം ചെയ്തിരുന്നിടത്ത് 802 കല്ലുമ്മേക്കായ യൂണിറ്റുകൾ ആരംഭിക്കുവാൻ സാധിച്ചു. രണ്ടാംഘട്ടത്തിലെ ശുദ്ധജല കൃഷിയിൽ 1500 ഹെക്ടറാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും കർഷകരുടെ താല്പര്യം പരിഗണിച്ച് 3000 ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അത് കൂടാതെ 150 അലങ്കാര മത്സ്യോല്പാദന യൂണിറ്റുകൾ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. ഈ വർഷംമുതൽ നവംബർ മാസത്തോടെ ആദ്യഘട്ടത്തിലെ ചെമ്മീൻ കർഷകരെയും, ചെമ്മീൻ കൃഷിയിൽ താല്പര്യമുള്ള പുതിയ കർഷകരെയും ഉൾപ്പെടുത്തി 2500 ഹെക്ടറോളം പ്രദേശങ്ങളിൽ ചെമ്മീൻ കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുന്നു. |
| (ഇ) മത്സ്യവിപണനത്തിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ? | (ഇ) കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ സുഗമമായി വിറ്റഴിക്കുന്നതിനും ന്യായവില ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങളെ കുറിച്ച് എം.പി.ഇ.ഡി.എ, ഐ.എഫ്.പി, മത്സ്യഫെഡ്, അഡാക്ക് എന്നീ സ്ഥാപനങ്ങളുമായി ആലോചിച്ച് ഒന്നാംഘട്ടത്തിലെ വിപണനം സുഗമമാക്കിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ പ്രധാനമായും വിപണിയിൽ പ്രിയമുള്ള ചെമ്മീനും കല്ലുമ്മേക്കായയുമാണ് കൃഷി ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ വിപണനത്തിന് വലിയ ബുദ്ധിമുട്ടുണ്ടായില്ല. രണ്ടാംഘട്ടത്തിൽ ശുദ്ധജല മത്സ്യങ്ങളുടെ വിപണനം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 349

8-7-2009 ൽ മറുപടിയ്ക്ക്

## കെ.ടി.ഡി.സി.യുടെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വിനോദസഞ്ചാര വികസനത്തിന് കെ.ടി.ഡി.സി. നൽകി വരുന്ന സംഭാവനകൾ എന്തെല്ലാമാണ്; | എ) സംസ്ഥാനത്തെ വിനോദസഞ്ചാര വികസനത്തിനായി കെ.ടി.ഡി.സി., പ്രീമിയം ഹോട്ടലുകൾ, ബജറ്റ് ഹോട്ടലുകൾ, ടാമറിന്റ് ഈസി ഹോട്ടലുകൾ എന്നിവ കേരളത്തിന്റെ വിവിധ ടൂറിസം സെന്ററുകളിലായി സ്ഥാപിച്ചിട്ടുണ്ട്, കൂടാതെ വിവിധ ടൂർ പാക്കേജുകൾ, കണക്റ്റഡ് ടൂറുകൾ, ബോട്ടിംഗ് എന്നിവയും നടത്തിവരുന്നു. |
| ബി) തദ്ദേശീയരായ വിനോദസഞ്ചാരികൾക്കായി എന്തൊക്കെ പദ്ധതികളാണ് കെ.ടി.ഡി.സി. നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | ബി) തദ്ദേശീയരായ വിനോദസഞ്ചാരികൾക്കായി വിവിധ വഴിയോര കേന്ദ്രങ്ങളും റസ്റ്റോറന്റുകളും കെ.ടി.ഡി.സി. സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വിവിധ ടൂർ പാക്കേജുകളും നടത്തിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) സാധാരണക്കാരായ വിനോദസഞ്ചാരികൾക്കുവേണ്ടി ചെലവ് കുറഞ്ഞ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ? | സി) സാധാരണക്കാരായ വിനോദസഞ്ചാരികൾക്കായി 14 ടാമറിന്റ് ഈസി ഹോട്ടലുകളും ഗുരുവായൂർ ക്ഷേത്രത്തിനു സമീപത്തായി നന്ദനം, മംഗല്യ മുതലായ ഹോട്ടലുകളും കെ.ടി.ഡി.സി. സ്ഥാപിച്ചിട്ടുണ്ട്. |

Saraswathy

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 350 — 8-7-2009 ൽ മറുപടിയ്ക്ക്

## കെ.ടി.ഡി.സി.യുടെ ചെന്നൈ പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ജെ. തങ്കപ്പൻ :<br>ശ്രീ. പി.ടി.എ. റഹീം :<br>ശ്രീമതി. കെ.കെ. ലതിക :<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി :<br>ശ്രീ. കെ. കുഞ്ഞിരാമൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള ടൂറിസം വികസന കോർപ്പറേഷൻ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു എന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വിശദമാക്കുമോ; | എ) 1. മെറീന പദ്ധതി- കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന മെറീന പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു.<br>2. ചെന്നൈ ഹോട്ടൽ പദ്ധതി- ഹോട്ടൽ കെട്ടിട സമുച്ചയത്തിന്റെ പൈലിംഗ് പണി പൂർത്തിയായി. അടുത്ത ഘട്ടം പണി ആരംഭിച്ചിട്ടുണ്ട്.<br>3. മാസ്ക്കറ്റ് ഹോട്ടൽ ഹെറിറ്റേജ് ബ്ലോക്ക്- പുനരുദ്ധാരണ പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു<br>4. ടീ കൗണ്ടി മൂന്നാർ-പുതിയതായി 24 മുറികൾ കൂടി തുടങ്ങാനുള്ള പദ്ധതി ആരംഭിച്ചുകഴിഞ്ഞു.<br>5. ഹോട്ടൽ ചൈത്രം പുനരുദ്ധാരണം- ഹോട്ടൽ ചൈത്രത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.<br>6. മുഴുപ്പിലങ്ങാട് ബീച്ച് റിസോർട്ട്- ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു. |

7. യാത്രീനിവാസുകളുടെ നവീകരണവും പുനരുദ്ധാരണവും – 14 യാത്രീ നിവാസുകളെ ടാമറിന്റ് ഹോട്ടലുകളായി ഉയർത്തുകയും രണ്ട് യാത്രീനിവാസുകളൊഴികെ ബാക്കിയുള്ള എല്ലാ പഴയ യാത്രീ നിവാസുകളുടേയും നവീകരണ പുനരുദ്ധാരണ പണികൾ പൂർത്തിയാക്കുകയും ചെയ്തു.

8. കോവളം ഹോട്ടൽ സമുദ്രയിൽ കൺവെൻഷൻ കേന്ദ്രം- ഇതിനാവശ്യമായ സ്ഥലം വാങ്ങിക്കഴിഞ്ഞു; നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കും.

| | |
|---|---|
| ബി) കെ.ടി.ഡി.സി. യുടെ ചെന്നൈ പ്രോജക്ട് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | ബി) ചെന്നൈ പ്രോജക്ട് നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ കൈവശം ചെന്നൈയിൽ ഉണ്ടായിരുന്ന 55 സെന്റ് സ്ഥലം 99 വർഷത്തെ പാട്ടത്തിന് കെ.ടി.ഡി.സിക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ ഭരണാനുമതി നൽകുകയും പദ്ധതി ചെലവിനായി 10 കോടി രൂപ കെ.ടി.ഡി.സിക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും സർക്കാർ കെ.ടി.ഡി.സിക്ക് നൽകിയിട്ടുണ്ട്. |
| സി) ഈ പ്രോജക്ട് മുന്നോട്ടുകൊണ്ടുപോകുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ അവ വെളിപ്പെടുത്തുമോ; | സി) ഉണ്ട്; ഹോട്ടൽ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങിയപ്പോൾ സമീപത്ത് പ്രവർത്തിക്കുന്ന ആശാൻ മെമ്മോറിയൽ സ്കൂൾ ശബ്ദമലിനീകരണം ആരോപിച്ച് ബഹു. ചെന്നൈ ഹൈക്കോടതിയെ സമീപിക്കുകയും ഇതിനെ തുടർന്ന് പണി തടസ്സപ്പെടുകയുമുണ്ടായി. ചെന്നൈ മെട്രോ പൊളിറ്റൻ ഡെവലപ്മെന്റ് അതോറിറ്റി ആവശ്യപ്പെട്ട ഭേദഗതികൾ കെട്ടിടത്തിന്റെ രൂപരേഖയിൽ വരുത്തേണ്ടതായും വന്നു. പ്രസ്തുത കാലയളവിൽ കമ്പിയുടെയും സിമന്റിന്റേയും കമ്പോള വിലയിൽ വൻ കുതിച്ചു കയറ്റം സംഭവിക്കുകയും ഇതിനെ തുടർന്ന് കെട്ടിടത്തിന്റെ കരാർ ഏറ്റെടുത്തിരുന്ന കമ്പനി |

ആനുപാതികമായ വില വ്യത്യാസം ആവശ്യപ്പെടുകയും പണി കുറച്ച് നാളുകൾ നിർത്തി വയ്ക്കുകയും ചെയ്തു. ഇപ്പോൾ പണി പുനരാരംഭിച്ചിട്ടുണ്ട്.

(ഡി) കെ.ടി.ഡി.സി. യുടെ ചെങ്ങന്ന പ്രോജക്ട് നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി) സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

— — —

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.351 — 8.7.2009 ൽ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ. കൈവരിച്ച നേട്ടങ്ങൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ.കെ.ജയചന്ദ്രൻ
ശ്രീ.കെ.കെ.ദിവാകരൻ
ശ്രീ.എം.ഹംസ
ശ്രീ.കെ.സി.രാജഗോപാലൻ
ശ്രീ.എസ്.രാജേന്ദ്രൻ

ഡോ.റ്റി .എം.തോമസ് ഐസക്ക്
(ധനകാര്യ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാരിന്റെ കലത്ത് കെ,എസ്.എഫ്.ഇ. കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ; | ഈ സർക്കാരിന്റെ കാലത്താണ് കെ.എസ്.എഫ്.ഇ. നവീകരിയ്ക്കുന്നതിന് നിരവധി പദ്ധതികൾ ആവിഷ്കരിച്ചത്. അതിനു വേണ്ടി വിഷൻ 2010 എന്ന കർമ്മ പരിപാടി ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. ആദ്യമായി കെ.എസ്.എഫ്.ഇ.യിൽ ഒരു വർഷം 100 കോടി രൂപയുടെ ചിട്ടി സലയുള്ള ബിസിനസ്സ് നടത്തുവാൻ കഴിഞ്ഞു. അതിനു പുറമേ 2008-2009 ൽ 155 കോടി ചിട്ടി ബിസിനസ്സ് ചെയ്ത് സർവ്വകാല റെക്കോർഡ് സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്. കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്ഥാപനം പുന:സംഘടിപ്പിച്ചു സ്വയം ഭരണാവകാശം നൽകി. കേരള സംസ്ഥാന രൂപീകരണത്തിന്റെ അമ്പതാമാണ്ടിനോടനുബന്ധിച്ച് കേരള ഗോൾഡൻ ജൂബിലി ചിട്ടി പൊന്നോണ ചിട്ടി പ്രവാസി ബന്ധു ചിട്ടി എന്നീ പദ്ധതികൾ നടപ്പിലാക്കി. കെ.എസ്.എഫ്.ഇ. ശാഖകളുടെ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി 70 ശാഖകൾ (25%) ഇതിനകം പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം കൈവരിച്ചു. |

| | |
|---|---|
| | ചെറുകിട കച്ചവടക്കാരെ സഹായിയ്ക്കുക എന്നത് ലക്ഷ്യമാക്കി ആഴ്ച ചിട്ടികൾ പരീക്ഷണ അടിസ്ഥാനത്തിൽ നടത്തി വരുന്നു. ചെറുകിട കച്ചവടക്കാർക്ക് പരസ്പര ജാമ്യത്തിൽ ട്രേഡേഴ്സ് കമ്പ്യൂട്ടർ ലോൺ എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വിഷൻ 2010 ന്റെ ലക്ഷ്യപ്രാപ്തിക്കായി ഈ വർഷം പൊന്നോണ/പ്രവാസി ബന്ധു ചിട്ടി കാമ്പയിനുകളിലൂടെ 210 കോടി ബിസിനസ്സ് നേടാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br>കെ.എസ്.എഫ്.ഇ. നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ചിട്ടി പദ്ധതികളുടെ വികസനത്തിനു വേണ്ടിയും ജനകീയവൽക്കരണത്തിനു വേണ്ടിയും നടത്തിയ കാമ്പയിനുകൾ.<br>1. കേരള ഗോൾഡൻ ജൂബിലിചിട്ടികൾ<br>2. പൊന്നോണ ചിട്ടികൾ 2007, 2008<br>3. പ്രവാസിബന്ധു ചിട്ടികൾ 2007,2008<br>2. പദ്ധതികളുടെ വ്യവസ്ഥകളിൽ നടപ്പിലാക്കിയ ഉദാരീകരണം<br>1. ആൾ ജാമ്യവ്യവസ്ഥയിലെ ഉദാരവൽക്കരണം<br>2. വസ്തു ഈടായി സ്വീകരിക്കുവാനുള്ള ബാദ്ധ്യതയുടെ പരിധി ഉയർത്തി<br>3. ഏജൻസി വ്യവസ്ഥയുടെ വികസനവും സമ്പൂർണ്ണ പരിഷ്കരണവും<br>4. ശാഖാപ്രവർത്തനങ്ങളുടെ പൂർണ്ണമായ കമ്പ്യൂട്ടറൈസേഷൻ<br>5. സംഘടനാ പുനഃക്രമീകരണം<br>6. ശാഖാ ശൃംഖലയുടെ വിപുലീകരണം<br>7. ജീവനക്കാരുടെ പരിശീലനം<br>8. പദ്ധതികളുടെ പരസ്യ പ്രചരണം<br>9. സ്വയംഭരണാവകാശം |
| (ബി) ചിട്ടികൾ ആകർഷകമാക്കുന്നതിനും പ്രവാസികളെ കൂടുതലായി ചിട്ടിയിൽ ചേർക്കുന്നതിനും ആവിഷ്കരിച്ച പദ്ധതികൾ വിജയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) കെ.എസ്.എഫ്.ഇ.യിൽ ആദ്യമായി ആവിഷ്കരിച്ച ഒരു ബ്രാൻഡഡ് ചിട്ടി പദ്ധതിയായിരുന്നു പ്രവാസി ബന്ധു ചിട്ടികൾ. 2007 ലും 2008 ലും നടപ്പിലാക്കിയ ഈ പദ്ധതി വൻവിജയമായിരുന്നു. |

| | |
|---|---|
| (സി) പുതുതായി എത്ര ബ്രാഞ്ചുകൾ ആരംഭിച്ചു; ഈ വർഷം എത്ര ബ്രാഞ്ചുകൾ ആരംഭിക്കും എന്ന് അറിയിക്കുമോ; | (സി) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.എഫ്.ഇ.യിൽ 38 ശാഖകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ 7 ശാഖകളുടെ പ്രവർത്തനം എത്രയും വേഗം തന്നെ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.<br>2009-10 സാമ്പത്തിക വർഷത്തിന്റെ ബഡ്ജറ്റിൽ 40 പുതിയ ശാഖകൾ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ തന്നെ എല്ലാ ശാഖകളും ആരംഭിക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. |
| (ഡി) കെ.എസ്.എഫ്.ഇ.യ്ക്ക് ഇപ്പോൾ എത്ര കോടി രൂപയുടെ സ്ഥിര നിക്ഷേപമുണ്ട്; എത്ര കോടി രൂപ വായ്പ നൽകിയിട്ടുണ്ട്; | (ഡി) 2008-09 സാമ്പത്തിക വർഷത്തിൽ 1362 കോടി രൂപയുടെ സ്ഥിര നിക്ഷേപം. ഉണ്ട്. 2009-10 സാമ്പത്തിക വർഷത്തിൽ മെയ് മാസം 31 ലെ കണക്കനുസരിച്ച് 1452 കോടി രൂപയുടെ സ്ഥിര നിക്ഷേപമാണ് ഉള്ളത്. 2008-2009 സാമ്പത്തിക വർഷാവസാനം വരെ മൊത്തം 1284 കോടി രൂപയുടെ വായ്പാ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. |
| (ഇ) വായ്പ വ്യവസ്ഥകൾ ഉദാരമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) നിലവിലുള്ള സാമ്പത്തിക സാഹചര്യത്തിൽ കെ.എസ്.എഫ്. ഇ.യുടെ വായ്പാ വ്യവസ്ഥകൾ ഏറ്റവും ലളിതമാണ്. ഓരോ വായ്പകളുടേയും തിരിച്ചടവുകളുടെ കാലയളവുകൾ അനുസരിച്ച് ഉണ്ടാകാവുന്ന ചിലവുകളുടെ ബാധ്യത മൂല്യം കണക്കാക്കിയാണ് വായ്പ പലിശ നിരക്കുകളുടെ മാതൃകകൾ നിശ്ചയിക്കുന്നത്. ഈ നിരക്കുകളും വായ്പാ വ്യവസ്ഥകളും ഏറ്റവും സ്വീകാര്യമാകാവുന്ന രീതിയിലുള്ളതു തന്നെയാണ്. |

Chandni
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :352 | 8-7-2009-ൽ മറുപടിയ്ക്ക്

ടൂറിസം രംഗം പരിപോഷിപ്പിക്കുന്നതിന് പദ്ധതികൾ

ചോദ്യം

ശ്രീ.ബി.ഡി.ദേവസ്സി :
ശ്രീ.പി.കൃഷ്ണപ്രസാദ് :
ശ്രീ.കെ.വി.കുഞ്ഞിരാമൻ :
ശ്രീ.എ.സി.മൊയ്തീൻ :
ശ്രീ.മുരളി പെരുനെല്ലി :

ഉത്തരം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) ടൂറിസം രംഗത്ത് മെച്ചപ്പെട്ട മാനവശേഷി വിനിയോഗത്തിനായി ഏതെല്ലാം സ്ഥാപനങ്ങളാണ് സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്നത് ;

(എ) ടൂറിസം രംഗത്ത് മെച്ചപ്പെട്ട മാനവ ശേഷി വികസനത്തിനായി ടൂറിസം മന്ത്രാലയത്തിന്റെ ചുമതലയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (KITTS)
2. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ.)
3. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ് മെന്റ്, കോഴിക്കോട് (SIHM)
4. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ് മെന്റ്, (കിംസ്), മലയാറ്റൂർ

കൂടാതെ സംസ്ഥാന സർക്കാരിന്റെ ഭാഗികമായ നിയന്ത്രണത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (IHMCT) എന്ന സ്ഥാപനം കോവളത്ത് പ്രവർത്തിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | സ്വകാര്യ മേഖലയിലെ ടൂറിസം പരിശീലന സ്ഥാപനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ചില നിബന്ധനകളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു രൂപരേഖ തയ്യാറാക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. |
| (സി) | മികച്ച ടൂറിസം പ്രൊഫഷണലുകളെ സൃഷ്ടിക്കുന്നതിനും ടൂറിസം രംഗത്ത് നൂതനാശയങ്ങൾ ആവിഷ്കരിച്ച് ടൂറിസം രംഗം പരിപോഷിപ്പിക്കുന്നതിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (സി) | ഉണ്ട്. ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള അക്കാദമിക് കോഴ്സുകൾക്കും പരിശീലന പദ്ധതികൾക്കും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുക, പുതിയ കോഴ്സുകൾ ആരംഭിക്കുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം രംഗത്തെ മാനവശേഷിയുടെ ഗുണപരമായ വികസനം ലക്ഷ്യമാക്കി ഈ രംഗത്തെ പല വിഭാഗങ്ങളിലുള്ള ജീവനക്കാർക്ക് പരിശീലനത്തിലൂടെ അവരുടെ സേവനം കൂടുതൽ മെച്ചപ്പെടുത്തുവാനുള്ള സമഗ്രമായ ഒരു പരിശീലന പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ ആരംഭിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ- 353 8/7/2009 -ൽ മറുപടിക്ക്.

## ജയിലുകളിൽ മൊബൈൽ ജാമറുകൾ

**ചോദ്യം** **ഉത്തരം**

ശ്രീ. റോഷി അഗസ്റ്റിൻ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. തോമസ് ചാഴിക്കാടൻ: (ബഹു: ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):
ശ്രീ. ജോസഫ്.എം. പുതുശ്ശേരി:

| | |
|---|---|
| (എ) . സംസ്ഥാനത്തെ ജയിലുകളിൽ മൊബൈൽ ജാമറുകൾ, രഹസ്യ ക്യാമറകൾ എന്നിവ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നോ; എങ്കിൽ ഇവ ഏതൊക്കെ ജയിലുകളിലാണ് സ്ഥാപിച്ചത്; | (എ). തീരുമാനിച്ചിരുന്നു. അതിന്റെ ഭാഗമായി കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ജാമർ സ്ഥാപിക്കുന്നതിനും തിരുവനന്തപുരം , കണ്ണൂർ സെൻട്രൽ ജയിലുകളിൽ സർവെയ്‌ലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി). ഏതു സാഹചര്യത്തിലാണ് ഇങ്ങനെ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി). കേരളത്തിലെ ജയിലുകളെ സംബന്ധിച്ച പരാതിയിന്മേൽ ബഹു. കേരള ഹൈക്കോടതി സ്വമേധയാ ഫയലിൽ സ്വീകരിച്ച കേസുകളിന്മേൽ പുറപ്പെടുവിച്ച വിധിന്യായപ്രകാരമാണ് സെൻട്രൽ ജയിലുകളിലും ജില്ലാ ജയിലുകളിലും സർവെയ്‌ലൻസ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചത്. അനധികൃത സെൽഫോൺ ഉപയോഗം ജയിലുകളുടെ സുരക്ഷിതത്വത്തെ ഗുരുതരമായി ബാധിക്കുന്നതിനാലാണ് ജയിലുകളിൽ സെൽഫോൺ ജാമറുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചത്. |
| (സി). പ്രസ്തുത ഉപകരണങ്ങൾ പ്രവർത്തന സജ്ജമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഇവ സ്ഥാപിച്ചതിന് സർക്കാർ എന്തു തുക ചെലവാക്കി എന്ന് വ്യക്തമാക്കുമോ; | (സി). പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടില്ല. മൊബൈൽ ജാമർ പ്രവർത്തനക്ഷമമാക്കിയപ്പോൾ പരിസര പ്രദേശങ്ങളിലെ ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിച്ചു എന്ന് കണ്ടതിനാൽ ടി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| | സർവെയ് ലൻസ് സംവിധാനംഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>സർവെയ്‌ലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി നാളിതുവരെ 268.26 ലക്ഷം രൂപ ചെലവായിട്ടുണ്ട്. മൊബൈൽ ജാമർ സ്ഥാപിക്കുന്നതിനായി ഇരുപത് ലക്ഷം രൂപ ചെലവാക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി). വർദ്ധിച്ചുവരുന്ന ഗുണ്ടാ, മാഫിയ, ക്വട്ടേഷൻ തടവുകാരുടെ എണ്ണം കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ ജയിലുകളിലും ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ഡി). ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പതിനൊന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 954

8.7.2000-ൽ മറുപടിയ്ക്ക്

മത്സ്യമേഖലയിലെ വിദഗ്ദ്ധസമിതികൾ

ചോദ്യം

ശ്രീ.സി.ടി.അഹമ്മദ് അലി
ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി
ശ്രീ. എം. ഉമ്മർ

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യമേഖലയിൽ എത്ര വിദഗ്ദ്ധസമിതികൾ നിയമിക്കപ്പെടുകയുണ്ടായി.

എ) 15 വിദഗ്ദ്ധസമിതികളെ നിയമിച്ചിട്ടുണ്ട്.

ബി) ഓരോ സമിതിയും അവയുടെ പഠന റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

ബി) 10 വിദഗ്ദ്ധസമിതികളുടെ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ പഠന റിപ്പോർട്ട് തയ്യാറായി വരുന്നു.

സി) ഓരോ സമിതിയുടെയും പ്രവർത്തനത്തിനായി നാളിതുവരെ എത്ര തുക ചിലവഴിച്ചു;

സി)

| | | |
|---|---|---|
| 1 | ടാസ്ക് ഫോഴ്സ് കമ്മിറ്റികൾ (7 എണ്ണം) | 8,55,121 രൂപ |
| 2 | ജലകൃഷി വൈവിധ്യവൽക്കരണ പഠനത്തിന് നിയമിച്ച കമ്മിറ്റി | 3,17,106 രൂപ |
| 3 | ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലങ്ങളെപ്പറ്റി പഠനം നടത്തിയ കമ്മിറ്റി | 3,00,000 രൂപ |
| 4 | പുതിയ യാനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കാമോ എന്ന് പരിശോധിക്കുവാൻ നിയുക്തമാക്കിയിട്ടുള്ള കമ്മിറ്റി | 1,00,000 രൂപ |

മൊത്തം 15,72,227 രൂപ നാളിതുവരെ ചെലവായി.

ഡി) വിദഗ്ദ്ധസമിതികളുടെ ശുപാർശ അനുസരിച്ച് ഇതുവരെ എത്ര പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

ഡി) വിദഗ്ദ്ധ സമിതികളുടെ ശുപാർശ കണക്കിലെടുത്ത് താഴെപറയുന്ന പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു.

1. ഉൾനാടൻ മത്സ്യവികസനം ലക്ഷ്യമിട്ടുകൊണ്ട് മത്സ്യകേരളം പദ്ധതി.

**2. ജലകൃഷി വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി കക്ക, ഞണ്ട്, കരിമീൻ, പൂമീൻ, തിരുത മുതലായവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി**

3. കടൽപായൽ കൃഷിയുടെ സാദ്ധ്യതകൾ വിലയിരുത്തുന്നതിനായി പൈലറ്റ് പ്രോജക്ട്.

4. കല്ലുമ്മേക്കായ കൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതി

5. കൂടുകളിലെ മത്സ്യകൃഷി നടപ്പിലാക്കുന്ന പദ്ധതി

6. സമഗ്ര ജല പരിഷ്കരണ നിയമം നടപ്പിലാക്കുന്നതിന് നടപടികൾ.

7. ഏകീകൃത ഉൾനാടൻ മത്സ്യവികസന നിയമം കൊണ്ടുവരുന്നതിന് നടപടികൾ.

8. സമ്പൂർണ്ണ കടൽ സുരക്ഷാ പദ്ധതി

9. കൊച്ചിയിൽ ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ സെന്ററും തുടങ്ങുന്നതിന് പദ്ധതി.

ഇ) മത്സ്യമേഖലയിലെ പദ്ധതികൾക്കായി 'കൺസൾട്ടന്റു' മാരെ നിയോഗിച്ചിട്ടുണ്ടോ; ഓരോ കൺസൾട്ടൻസിയുടെയും പ്രവർത്തനങ്ങൾക്കായി എത്ര തുക നീക്കി വച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട് ?

ഇ) മത്സ്യമേഖലയിലെ പദ്ധതികൾക്കായി 'കൺസൾട്ടന്റു' മാരെ നിയോഗിച്ചിട്ടുണ്ട്. ഡീപ്പ് സീ ട്യൂണ ഫിഷിംഗ് പ്രോജക്ടിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനുവേണ്ടി ഗ്രനേഡയിൽ നിന്ന് കൺസൾട്ടന്റിനെ നിയമിച്ചു. ഈ ആവശ്യത്തിലേയ്ക്കായി 22,000 യു.എസ്. ഡോളറിനു സമാനമായ ഇൻഡ്യൻ കറൻസി 6-1-2009 ലെ സർക്കാർ ഉത്തരവ് നമ്പർ 7/09/മതുവ പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. ആലുവായ്ക്കടുത്ത് കടുങ്ങല്ലൂരിൽ ആരംഭിക്കുന്ന അക്വാ ടെക്നോളജി പാർക്കിന് സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കാൻ കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ട്. അതിനായി 24 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.355, 08/07/09 ലെ മറുപടിക്ക്**

**2010 ന് റിട്ടയർ ചെയ്യുന്ന സർക്കാർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ**

**ചോദ്യം** | **ഉത്തരം**

ശ്രീ. കെ.ബാബു

ധനകാര്യ വകുപ്പ് മന്ത്രി
ശ്രീ.തോമസ് ഐസക്

| | | |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർ സർവ്വീസിൽ നിന്നു വിരമിക്കുന്ന തീയതി ഏകീകരിച്ചതോടുകൂടി 2010 മാർച്ച് 31 ന് എത്ര ജീവനക്കാർ ഒന്നിച്ചു റിട്ടയർ ചെയ്യും എന്ന് വ്യക്തമാക്കുമോ; | റിട്ടയർമെന്റ് തീയതി മാർച്ച് 31 ആയി ഏകീകരിച്ചതോടെ പ്രസ്തുത തീയതിയിൽ റിട്ടയർ ചെയ്യുന്നവരുടെ യഥാർത്ഥ എണ്ണം തിട്ടപ്പെടുത്തി വരുന്നു. 2008–09 കാലയളവിൽ 20,000 – ത്തിൽ പരം ജീവനക്കാർ റിട്ടയർ ചെയ്തിരുന്നു. നടപ്പ് വർഷം ഇതിൽ അല്പം കുറവോ കൂടുതലോ ഉണ്ടാകാം. |
| (ബി) | ഇവർക്ക് പെൻഷൻ ആനുകൂല്യങ്ങളായി എത്ര തുക കൊടുക്കേണ്ടതായി വരുമെന്ന് വ്യക്തമാക്കുമോ; | മുൻവർഷത്തെ വിവരം ഇപ്രകാരമാണ്. DCRG – 420,03,17,426 ( രൂപാ നാനൂറ്റി ഇരുപതുകോടി മൂന്ന് ലക്ഷത്തി പതിനേഴായിരത്തി നാനൂറ്റി ഇരുപത്തി ആറ് മാത്രം ).<br>കമ്മ്യൂട്ടേഷൻ തുക – 587,18,76,716 ( രൂപാ അഞ്ഞൂറ്റി എൺപത്തേഴ് കോടി പതിനെട്ട് ലക്ഷത്തി എഴുപത്താറായിരത്തി എഴുന്നൂറ്റി പതിനാറ് മാത്രം).<br>2009–10 ൽ വിരമിക്കുന്നവരുടെ എണ്ണത്തിനനുസരിച്ച് തുകയിൽ വ്യതിയാനം വരുന്നതാണ്. |
| (സി) | ഇത്രയും തുക ഒന്നിച്ചു കൊടുക്കുവാനായി ഗവൺമെന്റിനു സാമ്പത്തികസ്ഥിതിയുണ്ടോ; | ഉണ്ട്. |
| (ഡി) | ഒന്നിച്ചു വിരമിക്കുന്ന ജീവനക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ ഘട്ടം ഘട്ടമായി നൽകുവാൻ ഉദ്ദേശമുണ്ടോ? | ഇല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 356

8.7.2009 ൽ മറുപടിക്ക്

പാതിരാമണൽ ബയോപാർക്ക് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എം.ആരിഫ്<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. സി.എം.ദിനേശ് മണി<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പാതിരമണൽ ബയോപാർക്ക് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) വേമ്പനാട്ട് കായലിലെ പാതിരാമണലിൽ ജൈവവൈവിധ്യം സംരക്ഷിച്ചുകൊണ്ട് പരിസ്ഥിതിക്ക് ദോഷം വരാതെ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത് വേമ്പനാട്ടു കായലിൽ 28 ഹെക്ടർ വിസ്തൃതിയുള്ള പാതിരാമണൽ ദ്വീപ് ജൈവ വൈവിധ്യംകൊണ്ട് അനുഗൃഹീതമാണ്. ഏകദേശം 150 തരത്തിലുള്ള അപൂർവ്വങ്ങളായ സസ്യങ്ങൾ, കണ്ടൽ ചെടികൾ നിരവധി മൽസ്യ ഇനങ്ങൾ, ചിത്രശലഭങ്ങൾ എന്നിവയൊക്കെ പാതിരാമണലിന്റെ പ്രത്യേകതകളാണ്. ശുദ്ധജലം ലഭിക്കുന്ന ജലാശയങ്ങളും, കനാലുകളും ദ്വീപിലുണ്ട്. അപൂർവ്വങ്ങളായ പക്ഷികളും മൽസ്യ സമ്പത്തും പാതിരാമണൽ ദ്വീപിന്റെ സവിശേഷ പ്രാധാന്യത്തിന്റെ സൂചനകളാണ്. പാതിരാമണലിൽ നിലനിൽക്കുന്ന ജൈവ വൈവിധ്യം, പരിസ്ഥിതി എന്നിവയെ സംരക്ഷിക്കുന്ന തരത്തിലാണ് ടൂറിസം പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നത്. പാതിരാമണൽ ബയോപാർക്ക് പദ്ധതിയുടെ ഭാഗമായി പൂമ്പാറ്റകളുടെ പാർക്ക്, പക്ഷി സങ്കേതം, കണ്ടൽ ചെടികൾ നട്ടുവളർത്തൽ എന്നിവ ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ വൻതോതിലുള്ള |

| | |
|---|---|
| | നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതല്ല. നടപ്പാത നിർമ്മിക്കുക. ദേശാടന പക്ഷികളെ സംരക്ഷിക്കുക, വേമ്പനാട്ട് കായലിലെ മൽസ്യങ്ങളുടെ വംശവർദ്ധനയ്ക്കായി പ്രജനന കേന്ദ്രങ്ങൾ ഒരുക്കുക എന്നിവയും പദ്ധതിയുടെ ഘടകങ്ങളാണ്. രാജ്യാന്തര നിലവാരത്തിലുള്ള അക്വേറിയവും, ചരിത്ര മ്യൂസിയവും പദ്ധതിയുടെ ഭാഗമായി ദ്വീപിന് പുറത്ത് നിർമ്മിക്കുന്നുണ്ട്. മൊത്തം 549.61 ലക്ഷം രൂപയുടെ പദ്ധതിയാണ് ഇതിനായി തയ്യാറാക്കിയിരിക്കുന്നത്.ഇതിൽ 50 ലക്ഷം രൂപ സ്റ്റേറ്റ് ഷെയറാണ്. |
| (ബി) ഇവിടത്തെ ഇക്കോ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ( ബി) പാതിരാമണലിലെ ഇക്കോ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. |
| (സി) ബട്ടർഫ്ളൈ പാർക്ക് , പക്ഷി നിരീക്ഷണ സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ, | (സി) ബട്ടർഫ്ളൈ പാർക്ക്, പക്ഷി നിരീക്ഷണ സൗകര്യങ്ങൾ എന്നിവ നിലവിലുള്ള പദ്ധതിയിൽ തന്നെയുണ്ട്. |
| (ഡി) പാതിരമണലിന്റെ ആവാസ വ്യവസ്ഥശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) പാതിരാമണലിന്റെ നിലവിലുള്ള ആവാസ വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനുള്ള നിരവധി നിർദ്ദേശങ്ങൾ പദ്ധതിക്കായി തയ്യാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യം തന്നെ ആവാസ വ്യവസ്ഥ ശക്തിപ്പെടുത്തുക എന്നുള്ളതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 357 08-07-09 ൽ മറുപടിക്ക്

ആധാരം രജിസ്ട്രേഷൻ വഴിയുള്ള വരുമാനം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി : | ശ്രീ.എസ്.ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ആധാരം രജിസ്ട്രേഷൻ നടപടി ക്രമം നവീകരിച്ചതിന്റെ ഫലമായി റവന്യൂ വരുമാനം വർദ്ധിച്ചിട്ടുണ്ടോ ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ; | (എ) 04-05-2007 നാണ് രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ ചില മാറ്റങ്ങൾ നടപ്പാക്കിയത്. 2007-08 സാമ്പത്തിക വർഷത്തിൽ തൊട്ടുമുമ്പത്തെ വർഷത്തെക്കാൾ 488.81 കോടി രൂപ കൂടുതൽ റവന്യൂ വരുമാനം ഉണ്ടായിട്ടുണ്ട്. എന്നാൽ ചട്ടഭേദഗതിയുടെ ഫലമാണ് പ്രസ്തുത നേട്ടമെന്ന് കരുതുന്നില്ല. |
| (ബി) സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് ഭൂമിയുടെ ക്രയവിക്രയം മുഖേന ലഭിക്കേണ്ട വരുമാനത്തിൽ കുറവു വന്നിട്ടുണ്ടോ ? | (ബി) ഉണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് 2008-09 വർഷത്തിലെ വരുമാനത്തിൽ 7.07 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. അത് സാമ്പത്തിക മാന്ദ്യത്തെത്തുടർന്നാണെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. റ്റി.358

8.7.2009-ൽ മറുപടിയ്ക്ക്

ഇന്ദിരാ ആവാസ് യോജന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി.കാർത്തികേയൻ:<br>ശ്രീ. കെ.ബാബു:<br>ശ്രീ.അടൂർ പ്രകാശ്: | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| എ). | ഇന്ദിരാ ആവാസ് യോജന പ്രകാരം സംസ്ഥാനത്ത് എത്ര വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; | എ). | ഇന്ദിരാ ആവാസ് യോജന പ്രകാരം നടപ്പ് വർഷത്തിൽ സംസ്ഥാനത്ത് 79,695 വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. |
| ബി. | ഇതിന് വേണ്ടി എത്ര തുക കേന്ദ്രത്തിൽ നിന്നും ലഭിക്കും; | ബി. | 162.62 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിക്കും. |
| സി. | സംസ്ഥാന സർക്കാർ എത്ര രൂപയാണ് ഇതിനു വേണ്ടി കണ്ടെത്തേണ്ടിയിരുന്നത്; | സി. | നടപ്പ് വർഷം ഇന്ദിരാ ആവാസ് യോജനയുടെ 25% സംസ്ഥാന വിഹിതമായി 54.21 കോടി രൂപ കണ്ടെത്തേണ്ടതുണ്ട്.<br>കൂടാതെ ഇന്ദിരാ ആവാസ് യോജന പ്രകാരം സംസ്ഥാനത്ത് നിർമ്മിക്കുന്ന വീടുകൾക്ക് ബ്ളോക്ക്-ജില്ലാ പഞ്ചായത്തുകൾ നൽകുന്ന അധിക സഹായം നൽകുന്നതിലേയ്ക്കായി 175.78 കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കുന്നു. |
| ഡി. | ഈ പദ്ധതി പ്രകാരമുള്ള തുക ഇ.എം. എസ്. ഭവന പദ്ധതിയ്ക്കായി വകമാറ്റി ചെലവു ചെയ്യാൻ അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | ഡി. | ഇല്ല. എന്നാൽ സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാവർക്കും വീടും, ഭൂരഹിതരായ എല്ലാവർക്കും വീട് നിർമ്മിക്കുന്നതിന് സ്ഥലവും അടുത്ത മൂന്ന് വർഷം കൊണ്ട് ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും, ഇതിനായി വായ്പ എടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചിട്ടുണ്ടെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. അതോടൊപ്പം ഭാവിയിൽ ഇന്ദിരാ ആവാസ് യോജന പ്രകാരം അനുവദനീയമായ തുക ഇന്ദിരാ ആവാസ് യോജനയുടെ ലക്ഷ്യ വിഭാഗങ്ങൾക്കായി എടുക്കുന്ന വായ്പയുടെ തിരിച്ചടവിനായി വിനിയോഗിക്കുന്നതിന് അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. |

---

| | | | |
|---|---|---|---|
| ഇ. | എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ? | ഇ. | കേന്ദ്ര സർക്കാർ ഈ ആവശ്യം അംഗീകരിച്ചിട്ടില്ല. ഇന്ദിരാ ആവാസ് യോജന നിലവിലുള്ള പ്രകാരം തുടരണമെന്നും സംസ്ഥാന പദ്ധതി പ്രത്യേകമായി നടപ്പാക്കണമെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യം പുന:പരിശോധിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നം. 359 | 8-7-2009 ൽ<br>മറുപടിയ്ക്ക് |

## കിറ്റ്സിൻെറ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ:<br>ശ്രീ. കെ.ടി.ജലീൽ:<br>ശ്രീ. സി.കെ.പി.പത്മനാഭൻ:<br>പ്രൊഫ. സി.രവീന്ദ്രനാഥ്: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിൽ ഈ സർക്കാർ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന്റെ വികസന പ്രവർത്തനത്തിനായി ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 22-7-2006 ലെ സർക്കാർ ഉത്തരവ് നം. 5882/06/ടൂറിസം പ്രകാരം അനുമതി നല്കിയിരുന്നു. പ്രസ്തുത കെട്ടിടത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടുകൂടി എം.ബി.എ. ട്രാവൽ ആന്റ് ടൂറിസം കോഴ്സ് ആരംഭിച്ചു. മലബാറിലെ ടൂറിസം വികസനത്തിൻെറ ഭാഗമായി കിറ്റ്സിൻെറ പുതിയ പഠനകേന്ദ്രം തലശ്ശേരിയിൽ ആരംഭിച്ചിട്ടുണ്ട്. കിറ്റ്സിലെ കോഴ്സുകൾ കൂടുതൽ ഗുണമേന്മയോടും കാര്യക്ഷമതയോടും കൂടി നടത്തുന്നതിന് പ്രിൻസിപ്പലിൻെറയും അദ്ധ്യാപകരുടെയും തസ്തികകൾ സൃഷ്ടിക്കുകയും യോഗ്യരായ ആൾക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒരു കൺസൾട്ടൻസി/ഗവേഷണകേന്ദ്രവും കിറ്റ്സിൽ ആരംഭി ച്ചിട്ടുണ്ട്. |
| ബി) കിറ്റ്സിൽ ഇൻഡ്യയിൽ ആദ്യമായി എം.ഫിൽ കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടി ക്രമങ്ങൾ ഏത് വരെയായി എന്ന് വെളിപ്പെടുത്തുമോ; | ബി) കിറ്റ്സിൽ, ടൂറിസത്തിൽ എം.ഫിൽ കോഴ്സ് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. |

| | |
|---|---|
| സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കിറ്റ്സിൽ പുതുതായി ആരംഭിച്ച കോഴ്സുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ; | സി) 1. എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം)<br>2. ഡിപ്ലോമ ഇൻ എയർഹോസ്റ്റസ്, ട്രാവൽ ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്<br>3. പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്<br>4. IATA/UFTAA/FIATA സർട്ടിഫിക്കറ്റ് കോഴ്സുകൾ |
| ഡി) കിറ്റ്സിനെ ഒരു കല്പിത സർവകലാശാല യായി ഉയർത്തുന്ന കാര്യം പരിഗണന യിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഡി) പരിഗണനയിലുണ്ട്. ഇതിന്റെ മുന്നൊരുക്ക മെന്നോണം കിറ്റ്സിന്റെ അധീനതയിലുള്ള 5.03 ഏക്കർ സ്ഥലത്തെ കാമ്പസ് വികസനത്തിനായി കിറ്റ്സ് സമർപ്പിച്ച മാസ്റ്റർ പ്ളാനിന് 5-7-2008 ലെ 5450/08/ടൂറിസം നമ്പർ ഉത്തരവുപ്രകാരം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

Saraswathi

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 360 — 08.07.2009- ൽ മറുപടിക്ക്.

## ജില്ലാതല പോലീസ് കംപ്ലയിന്റ് അതോറിട്ടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി. എൻ. പ്രതാപൻ<br>ശ്രീ. എ. പി. അനിൽകുമാർ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനതല ജില്ലാതല പോലീസ് കംപ്ലയിന്റ് അതോറിട്ടികൾ രൂപീകരിച്ചുവോ ; | : (എ) സംസ്ഥാനതല ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ രൂപീകരിച്ചുകൊണ്ട് 11.05.2007-ലെ 29926/ഇ1/07/ആഭ്യന്തരം പ്രകാരവും 24.08.2007-ലെ നമ്പർ: 52673/ഇ1/ആഭ്യന്തരം പ്രകാരവും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനതല അതോറിട്ടിയുടെ ആസ്ഥാനം എവിടെയാണ് ;<br>(സി) അതിന് ഓഫീസും സ്റ്റാഫും അനുവദിച്ചുവോ ;<br>(ഡി) ഇല്ലെങ്കിൽ അത് എപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | : **(ബി), (സി) & (ഡി)**<br>സംസ്ഥാനതല അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരത്ത് ഗവൺമെന്റ് സെക്രട്ടേറിയറ്റിലാണ്. സ്ഥിരമായി ഓഫീസ് സംവിധാനം തുടങ്ങുന്നതുവരെ സംസ്ഥാനതല അതോറിറ്റിയുടെ തപാൽ വിലാസം ഡെപ്യൂട്ടി സെക്രട്ടറി, ആഭ്യന്തരം (എസ്.എസ്.എ) വകുപ്പ് & സെക്രട്ടറി, സ്റ്റേറ്റ് ലെവൽ കംപ്ലയിന്റ് അതോറിറ്റി, ഗവൺമെന്റ്, സെക്രട്ടേറിയറ്റ് തിരുവനന്തപുരം എന്നാണ്. സംസ്ഥാന കംപ്ലയിന്റ് അതോറിറ്റിക്ക് ലഭിക്കുന്ന എല്ലാ എഴുത്തുകുത്തുകളും സ്വീകരിക്കുന്നതിനായി ആഭ്യന്തര (എസ്.എസ്.എ) വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയേയും ഒരു അസിസ്റ്റന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

(ഇ) ജില്ലാതല പോലീസ് കംപ്ലയിന്റ് അതോറിട്ടികൾക്ക് ഓഫീസും സ്റ്റാഫും അനുവദിച്ചുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

: (ഇ) ശ്രീ.എൻ.മോഹൻദാസ് റിട്ടയേർഡ് ജഡ്ജ് ചെയർമാനായും ജില്ലാ കളക്ടറും, ജില്ലാ പോലീസ് സൂപ്രണ്ടും അംഗങ്ങളായും, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, എന്നീ ജില്ലകൾക്കും. ശ്രീ.എം.എ.നിസാർ, റിട്ടയേർഡ് ഡിസ്ട്രിക്ട് ജഡ്ജ് ചെയർമാനായും, ഡിസ്ട്രിക്ട് കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട് എന്നിവർ അംഗങ്ങളായും തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകൾക്കും പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ജില്ലാതല കംപ്ലയിന്റ് അതോറിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായുള്ള ഓഫീസും മറ്റ് അടിസ്ഥാന സൗകര്യങ്ങളും അനുവദിക്കുന്നതിന് അതാത് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാ കംപ്ലയിന്റ് അതോറിറ്റിയിൽ പരാതി സ്വീകരിക്കുന്നതിനായി അതാത് ജില്ലാ കളക്ടറേറ്റിലെ ശിരസ്തദാറിനെയും അവരെ സഹായിക്കുവാൻ കളക്ടറേറ്റിലെ തന്നെ ഒരു ഉദ്യോഗസ്ഥനെയും ഒരു സ്റ്റെനോഗ്രാഫറെയും ചുമതലപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

Ambika devi S
സെക്ഷൻ ഓഫീസർ